# ബാലസാഹിത്യ ഗ്രന്ഥാവലി

MUNAWWARUL ISLAM HIGH SCHOOL,
Date....................
ERNAKULAM.

## ബാലകഥാമഞ്ജരി



സ്റ്റേററ് ഇൻസ്റ്റിററ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ കേരളം.

ബാലസാഹിത്യഗ്രന്ഥാവലി

MUNAVIRUL ISLAM HIGH SCHOOL
Date.....................
ERNAKULAM.

# ബാലകഥാമഞ്ജരി

1971–1972

സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ
തിരുവനന്തപുരം.

# ഉള്ളടക്കം


| | |
|---|---|
| ധീരതയുടെ ഫലം | 1–11 |
| അണ്ണാറക്കണ്ണന്മാർ | 12–21 |
| മുത്തശ്ശി | 22–30 |
| വിശപ്പ് | 31–37 |
| ഒളിച്ചോട്ടം | 38–48 |

# ആമുഖം

1971 ജൂൺ—ജൂലായ് മാസങ്ങളിൽ സ്റ്റേററ് ഇൻസ്ററിററ്യൂട്ട് ഓഫ് എഡ്യൂക്കേഷനിൽ വച്ച് ഒരു ബാലസാഹിത്യരചനാലയം സംഘടിപ്പിച്ചു. സാഹിത്യകാരന്മാരായ പതിനേഴ് അദ്ധ്യാപകർ അതിൽ പങ്കുകൊണ്ടിരുന്നു. അവരുടെ ശ്രമഫലമായി രൂപം കൊണ്ട ഗ്രന്ഥങ്ങളാണ് ഇവിടെ അവതരിപ്പിക്കുന്നത്.

പ്രൈമറി വിദ്യാർത്ഥികൾക്ക് വേണ്ടി രചിച്ചവയാണ് ഈ ഗ്രന്ഥങ്ങൾ. വിദ്യാർത്ഥികൾക്ക് വായനയിലുള്ള ശീലവും താൽപര്യവും വളർത്തുവാൻ ഈ കൃതികൾ ഉപകരിക്കുമെന്നു പ്രത്യാശിക്കുന്നു.

ഡയറക്ടർ

സ്റ്റേററ് ഇൻസ്റ്റിററ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ

## 1971—1972 ലെ

## പുസ്തക രചനാലയത്തിൽ പങ്കു കൊണ്ടവർ

1 ശ്രീ. വി. കെ. ബാലചന്ദ്രൻ

2 ,, മണിയൂർ ഇ. ബാലൻ

3 ,, എൻ. ഭാസ്കരപിള്ള

4 ,, സി. എൻ. ഗംഗാധരൻനായർ

5 ,, പി. ഗോപാലകൃഷ്ണൻ നായർ

6 ,, ജെയിംസ് മണിമല

7 ജോസഫ് കറവിലങ്ങാട്

8 ,, എൻ. കൃഷ്ണൻകുട്ടി

10 ,, സി. പി. കുഞ്ഞിരാമപ്പൊതുവാൾ

11 ,, കരുൻ വേമ്പനി

12 ,, എ. നാരായണൻ എംപ്രാന്തിരി

13 ,, കെ. വി. രാമനാഥൻ

14 ,, സി. കെ. ശ്രീവത്സൻ

15 ,, കെ. സുകുമാരൻ നായർ

16 ,, എൻ. വാസുദേവൻ നമ്പ്യാതിരി

17 ,, കെ. വേലായുധൻ

# 1

# ധീരതയുടെ ഫലം

"ണിം...ണിം...ണിം."

സ്കൂൾ വിടാനുള്ള മണി മുഴങ്ങി. തളർന്നിരുന്ന കുട്ടികൾ പുസ്തകങ്ങൾ അടുക്കിവച്ചു. അപ്പോൾ ഒരു മണിശബ്ദം കൂടികേട്ടു. "ജനഗണമന" ഉയർന്നു. ദേശീയഗാനം പാടിതീർന്നപ്പോൾ അവസാനത്തെ മണിയും മുഴങ്ങി. അണ പൊട്ടിയ വെള്ളം പോലെ കുട്ടികൾ പുസ്തകങ്ങളുമായി പുറത്തേയ്ക്കു് ഒഴുകി.

സോമൻ പുസ്തകക്കെട്ടുമായി പുറത്തിറങ്ങി. ഒരു നിമിഷം നിന്നു. കൂട്ടുകാരെ ആരെയും കണ്ടില്ല. അവരൊക്കെ നേരത്തെ സ്ഥലം വിട്ടിരുന്നു. മഴ പെയ്യുമെന്നു തോന്നുന്നു. കുടയില്ല. വേഗം നടക്കുകയാണു നല്ലതു്. ഗോവിന്ദനും മധുവും ഉണ്ടായിരുന്നെങ്കിൽ മെല്ലെപ്പോയാൽ മതിയായിരുന്നു. അവർക്കു കുടയുണ്ടു്. മഴപെയ്താൽ അവരുടെ കുടയിൽ കൂടാം. ഇന്നതു പറ്റില്ല. തന്നെ കൂട്ടാതെ ഗോവിന്ദനും മധുവും പോയിരിക്കുന്നു. തന്നോടു പിണക്കമാണവർ. രണ്ടു ദിവസമായി അവർ പിണങ്ങിയിട്ടു്. അവർ പിണങ്ങിയാൽ തനിക്കെന്താ? കണക്കു കണ്ടെഴുതാൻ വരില്ല. ഇംഗ്ലീഷിന്റെ അർത്ഥം ചോദിക്കില്ല. ശല്യം തീർന്നു.

അമ്മ പറഞ്ഞതോർമ്മ വന്നു.

"മോൻ ഗോവിന്ദനുമായി അധികം കൂട്ടുകൂടരുതു്."

"അതെന്താണമ്മേ?"

"പണിക്കരു സാറിന്റെ പേഴ്സിൽ നിന്നു് ഗോവിന്ദൻ പണം കട്ടെടുക്കാറുണ്ടു മോനേ! ഇന്നലെ വീട്ടിൽ അടിയുടെ പൂരമായിരുന്നു. നിനക്കു് അവനുമായുള്ള കൂട്ടു വേണ്ട മോനേ!"

"ഞാൻ മോഷ്ടിക്കാതിരുന്നാൽ പോരേ അമ്മേ?"

"പോരാ. ഗോവിന്ദൻ കട്ടെടുക്കുന്നതിൽ ഒരു ഭാഗം എന്റെ മോനും കിട്ടുമെന്നാണവർ പറയുന്നതു്. അതുകൊണ്ടു് നീ ഒററയ്ക്കു സ്കൂളിൽ പോയാൽ മതി."

അമ്മ പറഞ്ഞതു ശരിയാണു്. ഗോവിന്ദൻ ദിവസവും പൈസ കൊണ്ടു വരും. മിഠായിയും ബലൂണും വാങ്ങും. കൂട്ടുകാർക്കു കൊടുക്കും. ചിലപ്പോൾ ചായക്കടയിലും കയറാറുണ്ടു്. മധുവുംകൂടെ ഉണ്ടാവും. സോമൻ പോവില്ല. ഗോവിന്ദന്റെ അച്ഛൻ അദ്ധ്യാപകനാണു്. പണിക്കരു സാറിന്റെ മകനായതുകൊണ്ടായിരിക്കും ഗോവിന്ദനു് ഇത്ര അഹങ്കാരം. തനിക്കോ? തനിക്കു് അമ്മയല്ലാതെ മററാരുമില്ല.

സോമൻ ഒന്നാം ക്ലാസ്സിൽ പഠിക്കുമ്പോഴാണു് അച്ഛൻ മരിച്ചതു്. അന്നൊക്കെ അമ്മ മകനെ മടിയിലിരുത്തി തേങ്ങി കരയുമായിരുന്നു.

"എന്റെ മോൻ വളർന്നു് വലുതാവുമ്പോ നമ്മുടെ ദാരിദ്ര്യമൊക്കെ തീരും മോനേ!"

അവർക്കു് മററാരുമില്ല. എങ്ങനെ കഴിഞ്ഞുകൂടും! അവസാനം അമ്മ ഒരു വേലക്കാരിയായി. പണിക്കരുസാറിന്റെ വീട്ടിൽ. നേരം പുലർന്നു തുടങ്ങുമ്പോൾ അമ്മ പിടഞ്ഞെണീല്ക്കും. അപ്പോൾതന്നെ സോമനും എണീയ്ക്കും. അമ്മ പഴ

കുഞ്ഞി വിളമ്പി വച്ചിട്ട് പണിക്കരുസാറിന്റെ വീട്ടിലേയ്ക്കോട്ടം. സോമൻ പഠിക്കാൻ തുടങ്ങും.

പഠിക്കാൻ മിടുക്കനാണു സോമൻ. ഗൃഹപാഠങ്ങൾ ചെയ്തു കഴിയുമ്പോൾ മണി എട്ടാകും. പിന്നെ നിത്യകർമ്മങ്ങളും തോട്ടിലെ വെള്ളത്തിൽ മുങ്ങിക്കുളിയും കഴിയുമ്പോൾ സ്കൂളിലേക്കു പോകാൻ സമയമായിരിക്കും. അമ്മ വിളമ്പി വച്ചിരുന്ന പഴങ്കഞ്ഞി കുടിച്ച് പുസ്തകക്കെട്ടുമായി സ്കൂളിലേയ്ക്കു തിരിക്കും.

പോകുന്നവഴിക്കാണു് പണിക്കരുസാറിന്റെ വീട്. പടിക്കലെത്തുമ്പോൾ സോമൻ നീട്ടി വിളിക്കും.

"ഗോവിന്ദാ, ഗോവിന്ദാ."

ഗോവിന്ദൻ തയ്യാറായി നിൽക്കുകയാവും. അലക്കിത്തേച്ച ഷർട്ടും നിക്കറും. മിന്നിത്തിളങ്ങുന്ന ഷൂസ്. അലുമിനിയം ബാഗിൽ പുസ്തകങ്ങളും ചോറും. ഗോവിന്ദൻ പുറത്തുവന്നാൽ അവർ യാത്രയാകും. വഴിക്കുവച്ച് മധുവും കൂട്ടത്തിൽ കൂടും.

അവരെന്നും ഒരുമിച്ചാണു സ്കൂളിൽ പോകുക. വരുന്നതും ഒരുമിച്ചു തന്നെ. കുറച്ചകലെയാണു ഹൈസ്കൂൾ. ഉച്ചക്കു സോമൻ പട്ടിണിയായിരിക്കും. ഗോവിന്ദനും മധുവും ഊണുകഴിക്കാനിരിക്കുമ്പോൾ അവൻ ഒരു പുസ്തകവുമായി പുറത്തിറങ്ങും. എങ്ങെങ്കിലും മരച്ചുവട്ടിൽ ചെന്നിരുന്നു വായിക്കും. വിശപ്പുണ്ടെങ്കിൽ രണ്ടു കവിൾ പച്ചവെള്ളം കുടിക്കും.

ഗോവിന്ദൻ വലിയ കുസൃതിയാണു്. വഴിയേ പോകുന്നവരെ ആക്ഷേപിക്കും. മററു കുട്ടികളെ ഉപദ്രവിക്കും. എങ്കിലും ആരും അവനെ ശകാരിക്കുകയില്ല. പണിക്കരുസാറിന്റെ മോനല്ലേ ?

ഗോവിന്ദനാണു് കുട്ടികളുടെ നേതാവു്. സോമൻ അവരുടെ അക്രമത്തിലൊന്നും കൂട്ടുകൂടുകയില്ല. വഴക്കുണ്ടാകുമ്പോൾ ഒഴിഞ്ഞു മാറി നില്ക്കും.

"നീ പോടാ! ഒരു മര്യാദ രാമൻ!"

ഗോവിന്ദൻ കളിയാക്കും. എന്നാൽ പണിക്കരുസാറിനു് സോമനെ ഇഷ്ടമാണു്.

"എടാ ഗോവിന്ദാ, നീ സോമനെക്കണ്ടു പഠിക്കു്. എന്തൊരു വിനയം, എന്തൊരു മര്യാദ! നല്ലവണ്ണം പഠിക്കും. കുട്ടികളായാൽ ഇങ്ങനെ വേണം." സാറു പറയും.

ഗോവിന്ദനു് ഉള്ളിൽ കലി വരും.

"ഓ, ഒരു പത്രാസുകാരൻ! അവനേക്കാൾ മിടുക്കൻ തന്നെ ഞാൻ. അവനു നല്ല ഉടുപ്പും നിക്കറുമില്ല. എന്റെ പഴയ ഉടുപ്പും നിക്കറും അവനു കൊടുക്കുന്നു. പഠിക്കാൻ പുസ്തകം കൊടുക്കുന്നതും ഞാൻ തന്നെ. എന്നിട്ടും അവന്റെ ഗമ കണ്ടില്ലേ!"

"ശരിയാണു്, അവനൊരു ധിക്കാരിയാണു്."

മററു കുട്ടികൾ ഏററു പറയും. ഗോവിന്ദൻ പറയുന്നതെല്ലാം സമ്മതിച്ചു കൊടുക്കാൻ ഒരു പററം കൂട്ടുകാരുണ്ടു്. അവൻ നേതാവല്ലേ? കയ്യിൽ എപ്പോഴും പൈസയും കാണും. ഗോവിന്ദനെച്ചുററിപ്പററി നടന്നാൽ മിഠായി തിന്നാം. കാപ്പി കുടിക്കാം. അതുകൊണ്ടു ഗോവിന്ദൻ പറയുന്നതെല്ലാം ശരി.

ഗോവിന്ദൻ മിഠായി വാങ്ങുമ്പോൾ സോമനും കൊടുക്കാറുണ്ടു്.

അവൻ വാങ്ങുകയില്ലെന്നു മാത്രം.

"വേണ്ടെങ്കിൽ പോടാ, കൊരത്തിയാ!"

ഗോവിന്ദൻ കളിയാക്കും. സോമൻ മിണ്ടാതെ പിന്നാലെ നടക്കും. മിഠായി വാങ്ങുന്ന പൈസ കട്ടെടുക്കുന്നതാണു്. പൈസ കട്ടെടുക്കുന്നതു തെററാണു്. ആ പൈസകൊണ്ടു മിഠായി വാങ്ങിയാൽ തനിക്കു വേണ്ട.

ഇതൊക്കെയാണെങ്കിലും ഗോവിന്ദനും മധുവിനുമൊക്കെ സോമൻ വേണം. സോമന്റെ കൂട്ടംവേണം. എന്തിനാണെന്നോ? അവരാരും ഗൃഹപാഠങ്ങൾ ചെയ്യാറില്ല. കളിച്ചു നടക്കും. എന്നിട്ടു ക്ലാസ്സിൽ വരുമ്പോഴോ? സോമന്റെ ബുക്കു വാങ്ങും. ഒററയിരിപ്പിനു് എല്ലാം കണ്ടെഴുതി വയ്ക്കും. സാറിന്റെ അടി കൊള്ളാതെ രക്ഷപ്പെടുകയും ചെയ്യും.

സ്കൂളിൽ പോകുന്ന വഴിക്കു് ഒരു വലിയ തോടുണ്ടു്. മഴക്കാലത്തു് അതിൽ വെള്ളം നിറഞ്ഞൊഴുകും. വടക്കുനിന്നു് കുത്തിയൊലിച്ചു വരുന്ന കലങ്ങിയ വെള്ളം പാഞ്ഞു പോകുന്നതു കാണാൻ രസമാണു്. ആഴം കൂടിയ തോട്ടിൽ മഴക്കാലത്തു് അധികമാരും ഇറങ്ങാറില്ല. ഒഴുക്കു കൂടുതലാണു്. തോട്ടിന്റെ അക്കരെയെത്താൻ ഒരു മരപ്പാലമുണ്ടു്. സൂക്ഷിച്ചു നടക്കണമെന്നു മാത്രം. തെന്നിയാൽ വെള്ളത്തിൽ വീണതുതന്നെ. പാലത്തിനടിയിൽ നല്ല ഒഴുക്കുണ്ടു്. അതുകൊണ്ടു് മഴക്കാലത്തു് ഗോവിന്ദനു സോമന്റെ സഹായം വേണം. സോമനു നീന്താനറിയാം. എത്ര വലിയ ഒഴുക്കിലും അവൻ നീന്തിക്കേറും. ഗോവിന്ദൻ മരപ്പാലത്തിനടുത്തു വിറച്ചു നില്ക്കുമ്പോൾ സോമൻ കൈയിൽ പിടിച്ചു മറുകരയെത്തിക്കും.

ഒരു ദിവസം സോമനും ഗോവിന്ദനും തമ്മിൽ പിണങ്ങി. ഗോവിന്ദനെ വിളിക്കാതെയാണു സോമൻ സ്കൂളിൽ പോയതു്. അമ്മ പറഞ്ഞതനുസരിക്കുന്നതാണു നല്ലതു്. ഇനി ഗോവിന്ദനുമായി കൂട്ടുവേണ്ട.

സോമൻ തനിച്ചു സ്കൂളിൽ വരുന്നതു പണിക്കർസാർ കണ്ടു.

"ഗോവിന്ദനെവിടെ?" സാറു ചോദിച്ചു.

എന്തു മറുപടി പറയും? ഒന്നും മിണ്ടാതെ നിന്നു.

"നീ ദിവസവും ഗോവിന്ദനെക്കൂടി കൊണ്ടു വരണം. അവൻ അല്പം കുസൃതിയാണു്. നിന്റെ കൂട്ടില്ലെങ്കിൽ അവൻ ചീത്തയാകും."

സോമൻ തല കുലുക്കിയതേയുള്ളു. ഗോവിന്ദൻ പൈസ കട്ടെടുത്ത കാര്യം പറയണോ? വേണ്ട, പണിക്കരുസാറു് തല്ലിക്കൊല്ലും. തന്നെയും തെററിദ്ധരിക്കും. തനിക്കും അതിൽ പങ്കുണ്ടെന്നു പറഞ്ഞാലോ? അപ്പോൾ അമ്മയെ ജോലിയിൽ നിന്നു് പിരിച്ചുവിടും. പിന്നെ പട്ടിണിയായിരിക്കും ഫലം. വേണ്ട, ഒന്നും മിണ്ടാതിരിക്കുന്നതാണു നല്ലതു്. അദ്ദേഹം പറഞ്ഞതെല്ലാം തല കലുക്കിസ്സമ്മതിച്ചു.

പിറേറദിവസം രാവിലെ ഗോവിന്ദനെ വിളിക്കാനെത്തി.

"ഗോവിന്ദാ, ഗോവിന്ദാ!"

പതിവുപോലെ ഗോവിന്ദൻ പുറത്തേയ്ക്കു വന്നു. സോമനോടു മിണ്ടിയില്ല. മുമ്പേ നടന്നു. സോമൻ പിന്നാലെ ഓടി.

"നില്ക്കു ഗോവിന്ദാ! എന്നോടു പിണക്കമാണോ?" അതിനും മറുപടിയില്ല. അവൻ കോപത്തിലാണു്.

"ഞാനെന്തു തെററു ചെയ്തുവെന്നു പറയൂ."

"നീ ഒന്നും പറയണ്ട. നിന്നെയൊക്കെ എനിക്കറിയാം."

സോമനു സങ്കടം വന്നു. താനെന്തു തെററു ചെയ്തു? ഇന്നലെ ഗോവിന്ദനെ വിളിക്കാതെ പോയതു കൊണ്ടാണോ? ഞാ വര

ട്ടേ. കണക്കു കണ്ടെഴുതാൻ തന്റെ അടുത്തുതന്നെ വരും. അപ്പോഠം കാണിച്ചു കൊടുക്കാം."

അത്ഭുതം! അന്നു കണക്കു നോക്കിയെഴുതാൻ ഗോവിന്ദൻ വന്നില്ല. മധുവും പിണങ്ങിയാണു നില്ക്കുന്നതു്. കുറച്ചു കഴിഞ്ഞപ്പോഠം പണിക്കർസാർ സോമനെ വിളിച്ചു. ഒററയ്ക്കു രഹസ്യമായി മാററിനിറുത്തി ചോദിച്ചു.

"സോമാ, നിന്നോടൊരു കാര്യം ചോദിക്കാം. നീ സത്യം പറയണം."

സോമൻ ഭയന്നു പോയി. എന്തായിരിക്കും ചോദിക്കുന്നതു്?

"ഇന്നലെ ഗോവിന്ദൻ നിന്റെ കൈയിൽ തന്ന രൂപയെവിടെ?"

സോമൻ വിറച്ചുപോയി. ദേഹം തളരുന്നതുപോലെ തോന്നി.

"ഇല്ല, എന്റെ കൈയിൽ രൂപ തന്നില്ല. ഞാനറിഞ്ഞതുമില്ല."

"നോക്കു്, നീ നല്ല കുട്ടിയാണു്. ഗോവിന്ദൻ എന്റെ പേഴ്സിൽ നിന്നു് രണ്ടു രൂപയെടുത്തു. ഞാനതു കണ്ടു പിടിച്ചു. അവനതു നിന്റെ കൈയിൽ തന്നുവെന്നാണു പറയുന്നതു്. അതെവിടെ?"

സോമൻ പേടിച്ചു നിന്നു പോയി. സാറിനെ എങ്ങനെ വിശ്വസിപ്പിക്കും? രൂപ താൻ കണ്ടില്ല. ഇന്നലെ ഗോവിന്ദനും മധുവും കൂടി ചായക്കടയിൽ നിന്നിറങ്ങുന്നതു കണ്ടതാണു്. അതു പറഞ്ഞാൽ സാറു വിശ്വസിക്കുമോ?

"നീ എന്താ മിണ്ടാതെ നില്ക്കുന്നതു്? നിനക്കു് രൂപയ്ക്കു് ആവശ്യമുണ്ടെങ്കിൽ ഞാൻ തരാം. അതിങ്ങു തന്നേരെ."

"ഇല്ല സാർ, ഞാൻ കണ്ടില്ല. എന്റെ കൈയിൽ തന്നില്ല."

സോമൻ ഉറപ്പിച്ചു പറഞ്ഞു. അവന്റെ കണ്ണു നിറഞ്ഞു. സാറു വിശ്വസിക്കുന്നില്ല. തന്നെ കള്ളനെന്നു കരുതുന്നു.

കുറച്ചുനേരം സാറു് സോമനെ ചോദ്യം ചെയ്തു. ഒടുവിൽ സാറിനു ദേഷ്യം വന്നു.

"നന്ദി കെട്ടവർഗ്ഗം! ഉം. പൊയ്ക്കോ. കള്ളക്കൂട്ടങ്ങൾ"!

സാറിന്റെ വാക്കുകൾ തലയ്ക്കുള്ളിൽ കിടന്നു മുഴങ്ങുന്നു.

ഒട്ടും ഉത്സാഹമില്ലാതെയാണു് അന്നു വീട്ടിലെത്തിയതു്. വന്നപാടെ പായിൽ കമഴ്ന്നു വീണു. തേങ്ങിത്തേങ്ങിക്കരഞ്ഞു. കരഞ്ഞുകരഞ്ഞുറങ്ങിപ്പോയി.

കണ്ണു തുറന്നപ്പോൾ കറുത്ത മുഖവുമായി അമ്മ വാതില്ക്കൽ നില്ക്കുന്നു. കൈയിലൊരു വടിയുമുണ്ടു്.

"എടാ, നീ ആ രൂപയെന്തു ചെയ്തു?"

അമ്മ അവനെ തൂക്കിയെടുത്തു നിലത്തുനിറുത്തി.

"ഞാനറിഞ്ഞില്ലമ്മേ! രൂപയെടുത്തതു ഞാൻ കണ്ടില്ല." വിറച്ചു കൊണ്ടവൻ പറഞ്ഞു.

"നീ കള്ളനാണെന്നു് അവരെല്ലാം പറയുന്നു. നിന്നെ ഞാൻ..." അന്നുവരെ അടിയുടെ വേദന അറിഞ്ഞിട്ടില്ലാത്ത അവൻ ആദ്യമായി അടിയെന്താണെന്നറിഞ്ഞു. അവന്റെ വെളുത്ത തുടയിൽ ചുവന്ന പാടുകൾ വീണു. അമ്മ അവനെ തിരിച്ചും മറിച്ചും തല്ലി. വടി ഒടിഞ്ഞപ്പോൾ ദൂരെയെറിഞ്ഞിട്ടു് ഒരു മൂലയിൽ ചെന്നിരുന്നു കരഞ്ഞു.

"കള്ളനെന്നു പേരു കേൾക്കുന്നതിനെക്കാൾ ഭേദം നീ ചാവുകയാണെടാ! ഇതിനല്ല നിന്നെ ഞാൻ വളർത്തുന്നതു്."

അമ്മ ഇരുന്നു കിതച്ചു. അവൻ അമ്മയെ നോക്കി നിന്നു. അമ്മയുടെ കരച്ചിൽ കണ്ടപ്പോൾ അവന്റെ ഹൃദയം നൊന്തു; മെല്ലെ അമ്മയുടെ അടുത്തെത്തി. ആ മടിയിൽ ചെന്നു വീണു.

"അമ്മേ എന്റെ നല്ല അമ്മേ! ഞാൻ രൂപം കട്ടില്ല. ഞാൻ കള്ളനല്ലമ്മേ! അമ്മയുടെ സോമൻ ഒരിക്കലും കള്ളനാവുകയില്ല."

"എന്റെ മോനേ!"

അമ്മ അവനെ വാരിയെടുത്തുമ്മവച്ചു. രണ്ടുപേരും അത്താഴമൊന്നും കഴിച്ചില്ല. സോമൻ കീറപ്പായിൽ അമ്മയുടെ മാറിൽ പററിച്ചേർന്നു കിടന്നു. ഉറങ്ങിയതറിഞ്ഞില്ല. ഇടയ്ക്കിടെ ഉണരും. ഉണരുമ്പോഴൊക്കെ അമ്മയുടെ നെടുവീർപ്പുകൾ കേട്ടു. ഉപ്പുരസമുള്ള അമ്മയുടെ കണ്ണുനീർ പുറത്തു വീഴുന്നുണ്ടായിരുന്നു. അടികൊണ്ടു മുറിഞ്ഞ ഭാഗങ്ങളിൽ അമ്മ തലോടിക്കൊണ്ടിരുന്നു.

"കരയാതമ്മേ! കരയാതെ. ഞാൻ കള്ളനല്ല." ഉറക്കത്തിൽ പോലും അവൻ പറഞ്ഞുകൊണ്ടിരുന്നു.

സോമൻ ചുററും നോക്കി. ആകാശം കറുത്തിരുണ്ടു വരുന്നു. സ്കൂൾ വിട്ടിട്ടു് കുറേ നേരമായല്ലോ. ഓരോന്നു് ഓർമ്മിച്ചുകൊണ്ടു നടന്നപ്പോൾ നേരം പോയതറിഞ്ഞില്ല. മഴ ഇപ്പോൾ പെയ്യും. അതിനു മുമ്പു വീട്ടിലെത്തണം. പുസ്തകം മാറോടടുക്കിപ്പിടിച്ചു് ഒററ ഓട്ടം കൊടുത്തു.

മരപ്പാലത്തിനടുത്തെത്തിയപ്പോൾ അറിയാതെ നിന്നുപോയി. അവിടെ ഒരാൾക്കൂട്ടം. എല്ലാവരും വെള്ളത്തിൽ

ചുണ്ടിക്കാണിക്കുന്നു. കലങ്ങിയ വെള്ളം കരകവിഞ്ഞൊഴുകുന്നു. ഇടയ്ക്കിടെ ചുഴികളുമുണ്ട്.

"എന്തുണ്ടായി?"

അവൻ ചോദിച്ചു.

"ഒരു കുട്ടി വെള്ളത്തിൽ വീണു."

ആരോ പറഞ്ഞു.

ഗോവിന്ദൻെറ തല വെള്ളത്തിനു മുകളിൽ വരുന്നതു സോമൻ കണ്ടു. രണ്ടു കൈയും പൊക്കിക്കാണിക്കുന്നു. അതാ വെള്ളത്തിൽ താഴുന്നു. അവിടെ ഏതാനും കുമിളകൾ മാത്രം ഉയർന്നു. ആർക്കും വെള്ളത്തിലിറങ്ങാൻ ധൈര്യമില്ല.

"ഗോവിന്ദാ! എൻെറ ഗോവിന്ദാ!"

സോമൻ നിലവിളിച്ചു. പുസ്തകം വലിച്ചെറിഞ്ഞു. വെള്ളത്തിലേക്ക് കുതിച്ചു ചാടി. വെള്ളത്തിനടിയിൽ മരണ വെപ്രാളത്തോടെ ഒഴുകിപ്പോകുന്ന ഗോവിന്ദനെ കണ്ടു. അവൻെറ തലമുടിയിൽ കടന്നുപിടിച്ചു. മരണപ്പിടയലോടെ ഗോവിന്ദൻ സോമനേയും കയറിപ്പിടിച്ചു. സോമനു നീന്താൻ കഴിയുന്നില്ല. ശരീരത്തിനു ഭാരം തോന്നുന്നു. ഗോവിന്ദൻെറ പിടി. ശക്തിയായ ഒഴുക്ക്. ഉച്ചയ്ക്ക് ഒന്നും കഴിച്ചതുമല്ല. ദേഹം തളരുന്നു. വയ്യ. താനും മരിക്കും. വല്ലാത്ത ഒഴുക്കതന്നെയിതു്. കരയിലേയ്ക്കിനി വളരെ ദൂരമില്ല. ആരെങ്കിലും സഹായിച്ചെങ്കിൽ! എല്ലാവരും പരിഭ്രമിച്ചു നിൽക്കുകയാണ്. കരയോടടുത്തുവെന്നു തോന്നി. ആരോ കടന്നുപിടിച്ചതുപോലെ തോന്നി. പിന്നീടൊന്നും ഓർമ്മയില്ല.

കണ്ണുതുറന്നപ്പോൾ പണിക്കരുസാറിൻെറ വീട്ടിലാണ്. തൊട്ടടുത്തു് ഒരു ഡോക്ടർ നിൽക്കുന്നു. അടുത്ത കട്ടിലിൽ ഗോവിന്ദൻ കിടക്കുന്നു.

"ഗോവിന്ദം! അറിയാതെ അവനെ വിളിച്ചു.

ഗോവിന്ദൻ പുഞ്ചിരിച്ചു.

"സോമാ, നീ എന്റെ മകനെ രക്ഷിച്ചു. നിന്നെ ഞാൻ കള്ളനെന്നുവരെ പറഞ്ഞു. നീ കള്ളനല്ല കുട്ടീ. എന്റെ മകനാണു തെററു ചെയ്തതു്. എങ്കിലും നീ അവനെ രക്ഷിച്ചു. ഇന്നു മുതൽ നീ എന്റെ മകനാണു്."

പണിക്കരുസാർ സോമനെ തലോടിക്കൊണ്ടു പറഞ്ഞു.

അകലെ ചുവരും ചാരിനിന്നു കണ്ണുനീർ തുടയ്ക്കുന്ന അമ്മയെ അപ്പോഴാണു് അവൻ കണ്ടതു്. അവന്റെ കണ്ണുകളും നിറഞ്ഞു തുളുമ്പി.

# 2

# അണ്ണാറക്കണ്ണന്മാർ

കണ്ണിമാങ്ങ ഉപ്പിലിടുന്ന ചീനബ്ഭരണി കണ്ടിട്ടുണ്ടോ? ഒരു കറുത്ത ചീനബ്ഭരണിയിൽ കൊഴുത്തുരുണ്ട കൈയും കാലും വച്ച്, മുകളിലൊരു കഷണ്ടിത്തല പിടിപ്പിച്ചാലോ? അത് ആണ്ടിമൂപ്പരായിരിക്കും.

ഉമ്മറത്തെ ചാരു കസേരയിൽ കുടവയറും തടവിക്കിടക്കുമ്പോഴും മൂപ്പന്റെ കണ്ണുകൾ നാട്ടുവഴിയിലേയ്ക്കായിരിക്കും. ആരെങ്കിലും വരുന്നുണ്ടോ? കുട്ടികളാരാനും വഴിയേ പോയാൽ മൂപ്പർ വിളിക്കും.

"ഡേയ് അണ്ണാറക്കണ്ണാ, വാ വാ! കഥ പറയാം."

മൂപ്പര് കുട്ടികളെ അങ്ങനെയാണു വിളിക്കുക. മൂപ്പരുടെ ഭാഷയിൽ അവരൊക്കെ അണ്ണാറക്കണ്ണന്മാരാണ്. കുട്ടികൾക്ക് ആണ്ടിമൂപ്പരെ വലിയ ഇഷ്ടമാണ്.

മൂപ്പരെ ഒരിക്കൽ കാണുന്നവർ പിന്നെ മറക്കില്ല. പള പളാ മിന്നുന്ന കഷണ്ടിത്തല. വട്ട മുഖം. തിളങ്ങുന്ന രണ്ട് ഉണ്ട കണ്ണുകൾ. തടിച്ചുതൂങ്ങുന്ന ചുണ്ടുകൾ. ഉന്തി നില്ക്കുന്ന മൂക്ക്. ആണ്ടിമൂപ്പർ സംസാരിക്കുമ്പോൾ ചിരട്ട പാറയിലുരച്ചതുപോലിരിക്കും. കുട്ടികൾ മൂപ്പരുടെ ചുററുംകൂടി കളിയാക്കിച്ചിരിക്കും.

മൂപ്പർക്കു മക്കളില്ല. മക്കളില്ലാത്ത ആണ്ടിമൂപ്പർക്കു് കൂട്ടുകൂടാൻ കുട്ടികൾ വേണം. മൂപ്പരു് വഴിയരുകിൽ വന്നു നില്ക്കും. കുട്ടികളെ കൈമാടി വിളിക്കും. ഉമ്മറത്തിരുത്തി കഥ പറയും.

"എന്തിനാണു മൂപ്പാ ഞങ്ങളെ അണ്ണാറക്കണ്ണന്മാരെന്നു വിളിക്കുന്നതു്?"

"നിങ്ങളൊക്കെ മരം കേറികളാണു്. അണ്ണാറക്കണ്ണന്മാരെപ്പോലെ."

"ഞങ്ങൾ മരത്തിൽ കേറാതിരുന്നാലോ?"

"എന്നാലും വാലിട്ടടിച്ചു് കികു് കികു് എന്നു ചിലച്ചു കൊണ്ടിരിക്കും. അതുകൊണ്ടു നിങ്ങളൊക്കെ അണ്ണാറക്കണ്ണന്മാർ തന്നെ."

ഉമ്മറത്തു് ചാരുകസേരയിൽ കിടക്കുമ്പോൾ കസേര നിറഞ്ഞു തുളുമ്പും. മൂപ്പരുടെ പ്രധാനപ്പെട്ട ഒരവയവം കുടവയറാണു്. കുടവയറില്ലെങ്കിൽ മൂപ്പരുമില്ല.

ഒരു കാര്യം. ആണ്ടിമൂപ്പർക്കു കോപം വരുത്തരുതു്. കോപം വരുമ്പോൾ മൂപ്പരുടെ ഭാവം മാറും. ആദ്യം ചിരിക്കും. ചിരിക്കുമ്പോൾ വെററിലക്കറ പുരണ്ട പല്ലുകൾ പുറത്തുവരും. തുടർന്നു് മൂക്കു് വിറച്ചു തുടങ്ങും. മൂക്കു് വിറയ്ക്കുമ്പോൾ ദൂരെ മാറിക്കൊള്ളണം. ദേഷ്യം വരുന്നതിന്റെ ലക്ഷണം അതാണു്. ദേഷ്യമിങ്ങു വന്നുകഴിഞ്ഞാൽ ചാടിയെണീല്ക്കും. അരയിൽ തിരുകിയകത്തിയെടുത്തു കാണിക്കും.

"ടേയ്, കുസൃതികാണിച്ചാൽ മൂക്കുചെത്തി ഉപ്പിലിടും." ആരും മിണ്ടുകയില്ല. ക്രമേണ മൂപ്പരുടെ ദേഷ്യം തീരും.

ഒരു സംഘം കുട്ടികൾ ദിവസവും മൂപ്പരെക്കാണാൻ

വരും. വാസുവും, ജയനും, മമ്മതും, വേണുവുമെല്ലാം കൂട്ടത്തിലുണ്ടാവും. വാസുവാണവരുടെ നേതാവ്. അവർ വരുന്നതു കഥ കേൾക്കാൻ മാത്രമല്ല. ആണ്ടിമൂപ്പരുടെ പറമ്പിൽ വരിക്കപ്ലാവുണ്ട്, പേരമരമുണ്ട്, നെല്ലിമരമുണ്ട്. അതിനപ്പുറത്ത് നിറയെ കായ്ക്കുന്ന ഒരു തേന്മാവ്. തേന്മാവിൽ കുലകുലയായി മാമ്പഴം. അതു കാണുമ്പോൾ കുട്ടികളുടെ നാവിൽ വെള്ളമൂറും. പക്ഷേ വെള്ളമൂറുന്നതുതന്നെ മിച്ചം. ഒരെണ്ണം തിന്നാൻ കിട്ടില്ല.

പിശുക്കന്മാരിൽ പിശുക്കനാണ് ആണ്ടിമൂപ്പർ. മൂപ്പര് ആർക്കെങ്കിലും എന്തെങ്കിലും ദാനം ചെയ്തതായി ചരിത്രമില്ല. മാമ്പഴം തിന്നാൻ കിട്ടിയില്ലെങ്കിൽ വേണ്ട. കാണാനെങ്കിലും സാധിക്കുമല്ലോ. അതിനാണു കുട്ടികൾ വരുന്നത്.

വാസുവും സംഘവും ദൂരെനിന്ന് വരുന്നതു കാണുമ്പോൾ തന്നെ മൂപ്പര് നീട്ടിവിളിക്കും.

"വരിൻ വരിൻ! അണ്ണാറക്കണ്ണന്മാരൊക്കെ വരിൻ."

കുട്ടികൾ ചിരിച്ചു കൊണ്ടു കടന്നുവരും.

"ഉമ്മറത്തു നെരന്നിരുന്നോളിൻ."

വെററിലച്ചെല്ലത്തിൽ നിന്ന് അടയ്ക്കായെടുത്തു നുറുക്കി കൊണ്ട് മൂപ്പർ ക്ഷണിക്കും. അതു കേട്ടാൽ തോന്നും ഇപ്പോൾ സദ്യവിളമ്പിക്കളയുമെന്നു്. പേടിക്കണ്ട. ഒരുതുള്ളി പച്ചവെള്ളം പോലും ആണ്ടിമൂപ്പർ കൊടുക്കില്ല. പകരം കഥപറയും. പോരേ?

കഥ പറഞ്ഞു രസം കൂടി വരുമ്പോഴായിരിക്കും ഒരു കാററടിക്കുന്നതു്. തേന്മാവിൽ നിന്ന് ഉരുണ്ടുതരാ മാമ്പഴം വീഴും മൂപ്പർ കഥ നിറുത്തി ചാടിയെണീൽക്കും. അപ്പോൾ കുടവയർ "ഞാൻ മുമ്പേ നീ പിമ്പേ" എന്നു പറഞ്ഞു മുന്നിൽ നിൽക്കും.

തീവണ്ടിയെഞ്ചിൻ ഭാരം വലിക്കുന്നതുപോലെ മൂപ്പർ ഉരുണ്ടുരുണ്ടു മാവിൻ ചുവട്ടിലെത്തും. തേനൊലിക്കുന്ന മാമ്പഴം കണ്ടു് വാസുവും ജയനുമൊക്കെ ആർത്തിയോടെ നോക്കും.

മൂപ്പർ കേൾക്കാൻ അവർ ഉറക്കെപ്പറയും.......

"നമുക്കെല്ലാം ഓരോന്നിപ്പോൾ തരും."

മൂപ്പരു് കേൾക്കാത്ത ഭാവം നടിക്കും.

"ചെമ്പീ, ചെമ്പീ!"

മൂപ്പർ അകത്തേക്കു നീട്ടി വിളിക്കും. അകത്തെ വാതിൽ തുറന്നു് ചെമ്പിമൂപ്പത്തി തലനീട്ടും. പർവ്വതത്തിനു കൈയും, കാലും വച്ചതുപോലെ മൂപ്പത്തി പുറത്തിറങ്ങും. മാമ്പഴമെല്ലാം വട്ടിയിൽ പെറുക്കി നിറയ്ക്കും.

"മൂപ്പരേ, ഒരെണ്ണം ഞങ്ങൾക്കു്."

കൊതി സഹിക്കാനാകാതെ വാസു പറഞ്ഞു നോക്കും.

"ഛെ, ഛെ! ഇതു കുട്ടികൾ തിന്നാൽ ദഹനക്കേടുവരും."

മൂപ്പരുടെ സമാധാനമാണു്.

"ഞങ്ങൾ തിന്നാൽ ദഹനക്കേടു വരുമെങ്കിൽ മൂപ്പരു തിന്നാൽ ദഹിക്കുമോ?"

"എന്റെ വയററിൽ എല്ലാം കൊള്ളും. എനിക്കു ദഹനക്കേടുവരില്ല." അതു ശരിയാണു്. വയ്ക്കോൽ ക്കുനപോലുള്ള വയറിൽ എന്തുചെന്നാലും ദഹിച്ചോളും.

"ഞങ്ങൾക്കും ദഹനക്കേടില്ല. ഒരെണ്ണം താ!"

ജയൻ യാചിച്ചു.

"ഛെ ഛെ! ഇതു പുളിക്കുന്ന മാങ്ങയാണു്. നിങ്ങൾക്കു തിന്നാൻ കൊള്ളില്ല."

"ഞാനൊരു ദിവസം ഈ മാമ്പഴത്തിന്റെ സ്വാദു നോക്കും."

വാസു പ്രഖ്യാപിച്ചു. മററുള്ളവർ ഞെട്ടിപ്പോയി. മാവിന്മേൽ കണ്ണും നട്ട് ഉമ്മറത്ത് ആണ്ടിമൂപ്പർ കാവൽ കിടക്കുന്നു. പിന്നെങ്ങനെ മാമ്പഴം കിട്ടും?

"അതൊക്കെ നോക്കിക്കോ!"

വാസുവിന് അക്കാര്യത്തിൽ സംശയമില്ല.

"എന്നാൽ ഞങ്ങളുമുണ്ട്. നമുക്കു മാമ്പഴം തിന്നണം."

മററുള്ളവർ പിന്തുണ നൽകി.

ചിലപ്പോൾ ആണ്ടിമൂപ്പരു് മുററത്തേയ്ക്കു സൂക്ഷിച്ചു നോക്കുന്നതു കാണാം. നോക്കിയിരിക്കെ മുഖം വിറക്കും. കോപം വരും.

"ചെമ്പീ, ചെമ്പീ! മൂപ്പർ നീട്ടിവിളിക്കും."

"ഒരു ചൂട്ടുകററയിങ്ങു കത്തിച്ചോണ്ടു വാ."

ചെമ്പിമൂപ്പത്തി കത്തിച്ച ചൂട്ടുകററയുമായിവരും.

"അതാ നോക്ക്. മുററത്തേക്കു സൂക്ഷിച്ചുനോക്ക്."

അവിടെ ഉറമ്പുകൾ വരിവരിയായി പോകുന്നു. വെറുതെയല്ല. അരിമണികളും കൊണ്ടാണു യാത്ര.

"എന്റെ ദൈവമേ! എന്തുമാത്രം അരിയാണ് ഉറമ്പു കൊണ്ടുപോകുന്നതു്. കൊല്ല് കൊല്ല്."

മൂപ്പരു നിലവിളിക്കും. ചെമ്പിമൂപ്പത്തി തീ എരിയിച്ച് ഉറമ്പുകളെയൊക്കെക്കൊല്ലും. അരിമണിയെല്ലാം പെറുക്കിയെടുക്കും.

"കുട്ടികളെ, ഒരു സാധനവും വെറുതേ കളയരുതു്."

മൂപ്പരുടെ ഉപദേശമാണ്.

ആണ്ടിമൂപ്പർക്കു വിശപ്പു വരുമ്പോൾ കഥ പറച്ചിൽ പെട്ടെന്നു നിൽക്കും.

"ഇനി നിങ്ങളെല്ലാം വീട്ടിൽ പോയി വല്ലതും കഴിച്ചോളിൻ. നമുക്കു നാളെക്കാണാം."

കുട്ടികളെല്ലാം എണീയ്ക്കും. വരിവരിയായി ഗേററിലേയ്ക്കു നടക്കും. അപ്പോഴും അവരുടെ നോട്ടം തേന്മാവിലായിരിക്കും. എല്ലാവരും പുറത്തായാലുടൻ മൂപ്പരു് ഗേററടച്ചു കുററിയിടും. എന്നാലേ മൂപ്പർക്കു സമാധാനമുള്ളു.

"ഉടനേ ചോറു വിളമ്പിക്കോ."

അകത്തേയ്ക്കു് ഉത്തരവു കൊടുക്കും. ചെമ്പി വലിയൊരു നാക്കിലയിടും. അതിന്റെ മുമ്പിൽ മൂപ്പർ ചമ്രം പടിഞ്ഞിരിക്കും. ഒരു കലം ചോറു് കുന്നുപോലെ ഇലയിൽ കൂട്ടും. നടുക്കൊരു കുഴികുഴിച്ചു് ഒരു പാത്രം രസം ഒഴിക്കും. പിന്നീടു മൂപ്പരെ പുറത്തു കാണണമെങ്കിൽ ചോറു മുഴുവൻ ഉരുളകളായി വയററിനുള്ളിൽ കയറണം. ഊണു കഴിഞ്ഞെഴുന്നേററാലുടൻ സിംഹം അലറുന്നതു പോലെ മൂപ്പർ ഒരേമ്പക്കം വിടും.

അതു കേൾക്കുമ്പോൾ അയലത്തുകാർ പറയും.

"അതാ ആണ്ടിമൂപ്പരുടെ ഊണുകഴിഞ്ഞു."

മുനിസിപ്പാലററിയിലെ സൈറൺ പോലാണു് ആണ്ടിമൂപ്പരുടെ ഏമ്പക്കം. രണ്ടും കൃത്യ സമയങ്ങളിൽ കേൾക്കാം.

ഊണു കഴിഞ്ഞെഴുന്നേററാലുടൻ മൂപ്പർക്കു് ചാരുകസേരയിൽ കിടന്നൊന്നു മയങ്ങണം. അപ്പോൾ ചെമ്പി മൂപ്പത്തി ഊണു തുടങ്ങും.

"എടാ മമ്മതേ, നമുക്കിന്നു് തേന്മാവിലെ മാമ്പഴം ഒരെണ്ണമെങ്കിലും തിന്നണമല്ലോ."

വാസു പറഞ്ഞു.

"അയ്യോ വേണ്ട! മൂപ്പരു മൂക്കച്ചെത്തും."

മമ്മതിന്നു പേടിയാണ്.

"പേടിക്കാതെടാ! നമുക്കൊരു സൂത്രം കണ്ടുപിടിക്കാം."

അവർ രഹസ്യമായി കൂടിയാലോചിച്ചു.

പതിവുപോലെ കഥകേൾക്കാൻ എല്ലാവരും വന്നു. മൂപ്പർ കഥപറഞ്ഞു. പാട്ടുപാടി. ഉച്ചയായപ്പോൾ മൂപ്പർ കുട്ടികളോടു പറഞ്ഞു.

"ഇനി അണ്ണാറക്കണ്ണന്മാരെല്ലാരും സ്ഥലം വിട്ടോളിൻ."

എല്ലാവരും പുറത്തേക്കു പോയി. മൂപ്പരു് ഗേററടച്ചു. ചെമ്പിമൂപ്പത്തി ചോറു വിളമ്പി. ഇലയുടെ മുമ്പിൽ മൂപ്പർ ചെന്നിരുന്നു. ഇതുതന്നെ അവസരം. വാസു മതിൽചാടി അകത്തുകയറി. കൂട്ടുകാരൊക്കെ മതിലിന്നു വെളിയിൽ കാവൽനിന്നു.

മൂപ്പരു് ഉരുളയുരുട്ടി "ഗ്ളും" എന്നു വിഴുങ്ങുന്നു. നിവന്നുനോക്കുന്നതുപോലുമില്ല. വാസു ഉമ്മറത്തെത്തി. കസേരയുടെ ഒരു കമ്പു് വലിച്ചൂരിയെടുത്തു. കസേരത്തുണി പഴയതുപോലെ വച്ചു. അണ്ണാനെപ്പോലെ മാവിൽ വലിഞ്ഞുകയറി. സ്വാദുള്ള മാമ്പഴത്തിന്റെ മണം. വായിൽ വെള്ളമൂറുന്നു. പോക്കററിൽ കൊള്ളാവുന്നത്ര കുത്തിനിറച്ചു.

"ടേയ് അണ്ണാറക്കണ്ണാ!"

പെട്ടെന്നൊരു അലർച്ചകേട്ടു. കത്തിയുംനീട്ടിപ്പിടിച്ചുകൊണ്ടു് ആണ്ടിമൂപ്പർ നിൽക്കുന്നു.

"താഴെയിറങ്ങ്. ഇല്ലെങ്കിൽ ഞാൻ മൂക്കച്ചെത്തും."

MUNAVIRUL ISLAM HIGH SCHOOL
Date..................
ERNAKULAM.

വാസു മരക്കൊമ്പിലൂടെ നടന്നു. മൂപ്പർക്കു കുറച്ചകലത്തായി നിലത്തേക്കു ചാടി.

"മാമ്പഴമെല്ലാം ഇവിടെ വയ്ക്കു്."

മൂപ്പരു കല്പിച്ചു.

വാസു നിന്ന നിൽപ്പിൽ ഒരു ചാട്ടം ചാടി. തിരിഞ്ഞും മറിഞ്ഞും നോക്കി. ഒററ ഓട്ടം കൊടുത്തു. മൂപ്പരും വിട്ടില്ല. അഴിച്ചുവിട്ട പോത്തു് റോഡിലൂടെ പായുന്നതുപോലെ മൂപ്പരു വാസുവിന്റെ പിന്നാലെ പാഞ്ഞു.

വാസു ഗേററിലെത്തി. മൂപ്പരെ നോക്കി പല്ലിളിച്ചു ഗേററു തുറന്നു പുറത്തു ചാടി. മൂപ്പരും പുറത്തുചാടി.

"മൂപ്പരേ, മൂപ്പരേ! അതാ പണപ്പിരിവുകാരുവരുന്നു."

മമ്മതിന്റെ ശബ്ദം ഉയർന്നു.

പിടിച്ചുകെട്ടിയതുപോലെ മൂപ്പരു നിന്നു. മൂപ്പർക്കു് ഈ ലോകത്തിൽ ആരെയെങ്കിലും പേടിയുണ്ടെങ്കിൽ അതു പണപ്പിരിവുകാരെയാണു്. പിരിവുകാരെന്നു കേട്ടപ്പോൾ മൂപ്പരു ഭയന്നു. തിരിഞ്ഞോടി. എവിടെ ഒളിക്കും?

ചെമ്പിമൂപ്പത്തി ഊണുകഴിക്കുന്നു. അട്ടക്കളയിലൊളിച്ചാലോ? വേണ്ട. പിരിവുകാരു കാണും. നിന്നനിൽപ്പിൽ തട്ടിൻപുറത്തു വലിഞ്ഞു കയറി.

"ധിമിക്കിടതോം."

ചക്കപ്പഴം വീണതുപോലൊരു ശബ്ദം കേട്ടു. ചെമ്പിമൂപ്പത്തി ചോറുമിട്ടിട്ടു് ഓടിയെത്തി. ആണ്ടിമൂപ്പരു് വെറും നിലത്തു മലർന്നടിച്ചു കിടക്കുന്നു.

"എന്റെ ദൈവമേ!"

മൂപ്പത്തി നിലവിളിച്ചു. മൂപ്പര് കിടന്ന കിടപ്പിൽ നിന്ന് ചാടിയെണീററ് മൂപ്പത്തിയുടെ വാ പൊത്തി.

"ശ്ശ് മിണ്ടരുത്. പണപ്പിരിവിന് ആളുവരുന്നു. ഞാനിവിടെയില്ലെന്നു പറഞ്ഞേയ്ക്കു."

മൂപ്പത്തി പത്തായം തുറന്നു. മൂപ്പരെ തള്ളി പത്തായത്തിൽ കയററി. ഒന്നും സംഭവിക്കാത്തതുപോലെ മൂപ്പത്തി ഊണു തുടർന്നു

മണിക്കൂറൊന്നു കഴിഞ്ഞു. മൂപ്പത്തിയുടെ ഊണു കഴിഞ്ഞു. പിരിവുകാർ വന്നില്ല. പിള്ളേരും വന്നില്ല. മൂപ്പർക്കൊരു സംശയം. പിള്ളേര് പററിച്ചതാവുമോ?

"ചെമ്പീ, പുറത്താരെങ്കിലും ഉണ്ടോ എന്നു നോക്ക്."

ചെമ്പിമൂപ്പത്തി പുറത്തേയ്ക്കു തല നീട്ടി.

"ഇവിടെയാരുമില്ല."

മൂപ്പര് പ്രാകിക്കൊണ്ടു പുറത്തുവന്നു.

"നാശങ്ങള്! അണ്ണാറക്കണ്ണന്മാര് എല്ലാററിന്റെയും മൂക്കുചെത്തി ഉപ്പിലിടും."

പിറുപിറുത്തുകൊണ്ടു മൂപ്പര് പുറത്തേയ്ക്ക് വന്നു.

ചാരു കസേരയിൽ വന്നു കിടന്നു.

"പൊത്തോം."

കമ്പില്ലാത്ത കസേരത്തുണി നിലത്തു വീണു. കൂടെ ആണ്ടിമൂപ്പരും.

"ഹ ഹ ഹ"

ഗേററിൽ നിന്ന് പലതരം പൊട്ടിച്ചിരികൾ. അണ്ണാ

ക്കണ്ണന്മാർ കൈകൊട്ടിച്ചിരിക്കുന്നു. മൂപ്പരുടെ മൂക്കു വിറച്ചു. പക്ഷേ എണീക്കാൻ പററുന്നില്ല. കിടന്ന കിടപ്പിൽ കണ്ണുകൾ ചെന്നു പതിച്ചതു് തേന്മാവിലാണു്. മൂപ്പരു ഞെട്ടിപ്പോയി. അതിൽ ഒററ മാങ്ങപോലും ബാക്കിയില്ല. എല്ലാം അണ്ണാറക്കണ്ണന്മാർ തിന്നു തീർത്തു.

ചെമ്പിമൂപ്പത്തി ഓടിയെത്തി. കസേരങ്ങളിൽ നിന്നു് മൂപ്പരെ വലിച്ചു പുറത്തിട്ടു.

ഗേററിങ്കൽ ഓടിയെത്തിയ മൂപ്പർക്കു് അണ്ണാറക്കണ്ണന്മാരുടെ പൊടിപോലും കാണാൻ കഴിഞ്ഞില്ല.

# 3

## മുത്തശ്ശി

"എന്റെ മോൾ ഭാഗ്യമില്ലാത്തവളാണ്. മോൾക്ക ദൈവം കാഴ്ച തന്നില്ല. നിനക്കീലോകം ഇരുട്ടായി മാത്രമേ തോന്നൂ."

മുത്തശ്ശിയുടെ വാക്കുകളിൽ വേദന നിറഞ്ഞു നിന്നു. അവൾ മുത്തശ്ശിയുടെ ചുക്കിച്ചുളിഞ്ഞ മുഖത്തു വിരലോടിച്ചു.

"മുത്തശ്ശിയുടെ ദേഹം തീപോലെ പൊള്ളുന്നല്ലോ. അല്ലാ മുത്തശ്ശി കരയുകയാണോ? കരയാതെ മുത്തശ്ശി! ഞാനും രാജനും ഇപ്പോൾ തന്നെ പോകും. ഞങ്ങളിന്ന് രണ്ടു രൂപയെങ്കിലുമുണ്ടാക്കും. തിരിച്ചു വന്നിട്ട് മുത്തശ്ശിക്ക കാപ്പിയുണ്ടാക്കിത്തരാം."

വൃദ്ധ തേങ്ങിപ്പോയി.

"എന്റെ മോളേ! നിങ്ങളില്ലായിരുന്നെങ്കിൽ ഈ മുത്തശ്ശി എന്നേ മരിച്ചു പോവുമായിരുന്നു."

"അങ്ങനെയൊന്നും പറയാതെ മുത്തശ്ശി. മുത്തശ്ശി മരിച്ചാൽപ്പിന്നെ ഞങ്ങൾക്കാരുണ്ട്?"

"അതോർമ്മിക്കുമ്പോഴാണ് എനിക്കേറെ സങ്കടം."

വൃദ്ധയിൽ നിന്ന് ഒരു ദീർഘശ്വാസം ഉയർന്നു. അവർ പായിൽ ചുരുണ്ടുകൂടി. മൂടിപ്പുതച്ചു കിടന്നു. ഗീത അവരെ തലോടിക്കൊണ്ട് അടുത്തിരുന്നു.

"അച്ഛനുണ്ടായിരുന്നപ്പോൾ നമുക്ക് ദാരിദ്ര്യമൊന്നും ഇല്ലായിരുന്നു, അല്ലേ മുത്തശ്ശി?"

"അതൊന്നും പറയാതെ മോളേ. ഒക്കെ നമ്മുടെ വിധിയാണ്".

അവരുടെ കണ്ണു നിറഞ്ഞൊഴുകി. ഗീത പറഞ്ഞതു ശരിയായിരുന്നു. മുത്തശ്ശിയുടെ മകനായിരുന്നു ശേഖരൻ. ശേഖരനുണ്ടായിരുന്നെങ്കിൽ അവർക്ക് കഷ്ടപ്പാടു വരില്ലായിരുന്നു.

സന്തോഷം നിറഞ്ഞ ഒരു കുടുംബമായിരുന്നു അത്. ശേഖരന്റെ ഭാര്യ ലീല സ്നേഹവതിയായിരുന്നു. അവരുടെ മൂത്ത മകളാണ് ഗീത. ജനിച്ചപ്പോൾ തന്നെ ഗീതയുടെ കണ്ണിനു കാഴ്ചയില്ലായിരുന്നു. അവൾ വളർന്നു. തപ്പിത്തടഞ്ഞു നടന്നു. മററു കുട്ടികളെപ്പോലെ ഓടിച്ചാടി നടക്കാൻ കഴിയില്ല. മററു കുട്ടികൾ ഓരോ കാഴ്ചകൾ വർണ്ണിക്കുമ്പോൾ അവൾ മുത്തശ്ശിയുടെ അടുത്തെത്തും.

"വെളിച്ചം എന്നു പറഞ്ഞാലെന്താണ് മുത്തശ്ശി?" മുത്തശ്ശി പറയും.

"വെളിച്ചം എന്നു പറഞ്ഞാൽ പ്രകാശം. അതായത് വെളിച്ചത്തിൽ നമുക്കെല്ലാം കാണാൻ കഴിയും. ഇരുട്ടിൽ യാതൊന്നും കാണാൻ കഴിയില്ല."

"എനിക്കിപ്പോഴൊന്നും കാണാൻ കഴിയുന്നില്ല. ഇപ്പോൾ ഇരുട്ടാണോ മുത്തശ്ശി?"

മുത്തശ്ശിയുടെ തൊണ്ടയിടറി.

"അല്ല മോളേ! ഇപ്പോൾ വെളിച്ചമുണ്ട്. എന്റെ മോൾക്ക് രാത്രിയും പകലും ഒന്നുപോലെയാണ്. കണ്ണിനു കാഴ്ച

യില്ലാത്തവർക്കൊക്കെ അങ്ങനെയാണ്."

ചിലപ്പോൾ ഗീതയ്ക്കുറിയേണ്ടതു മറ്റൊന്നായിരിക്കും.

"പൂവെന്നു പറഞ്ഞാലെന്താണു മുത്തശ്ശി?"

മുത്തശ്ശി അവൾക്കു പൂ പറിച്ചു കൊടുക്കും.

"ഇതാണു മോളേ പൂവ്."

അവൾ അതു മണപ്പിക്കും. അതിനെ തലോടും.

"ഹാ എന്തു വാസന! ഇതിനെ എനിക്കു കാണാൻ കഴിഞ്ഞെങ്കിൽ."

അവളുടെ ആഗ്രഹം ഒരിക്കലും സാധിക്കാത്തതാണെന്നു മുത്തശ്ശിക്കറിയാം. അതുകൊണ്ട് അവളുടെ സംശയങ്ങൾക്കൊക്കെ ഉത്തരം പറയുന്നതു മുത്തശ്ശിക്കിഷ്ടമാണ്. മുത്തശ്ശിയാണ് അവളുടെ ഗുരു. ഭൂമിയിലെ മിക്ക കാഴ്ചകളും അവൾ ഭാവനയിലൂടെ കണ്ടു. അവളെ കളിപ്പിച്ച്, പൊട്ടും തൊടുവിച്ച്, അമ്പലത്തിൽ കൊണ്ടുപോകുന്നതും മുത്തശ്ശിയായിരുന്നു. മുത്തശ്ശിയുടെ കൈയിൽ പിടിച്ചു കൊണ്ട് അമ്പലത്തിൽ പോകുമ്പോഴാണ് അവൾ ലോകത്തെക്കുറിച്ചു കൂടുതൽ അറിയുന്നത്.

"ദൈവമേ, എന്റെ കണ്ണിനു കാഴ്ച തരണേ!"

അവൾ പ്രാർത്ഥിക്കും. "കാഴ്ചയുണ്ടായിരുന്നെങ്കിൽ എനിക്കും ദൈവത്തെക്കാണാമായിരുന്നു".

കാഴ്ചയില്ലെങ്കിലും ഗീത സുന്ദരിയാണ്.

"എന്റെ മോളൊരു സുന്ദരിക്കുട്ടിയാണ്."

ശേഖരൻ പറയാറുണ്ട്.

"സുന്ദരിയെന്നു പറഞ്ഞാലെന്താണച്ഛാ?"

അവൾ പെട്ടെന്നു ചോദിക്കും. അയാൾ വിഷമിച്ചു

പോകും. മററു കാര്യങ്ങൾ പറഞ്ഞ് വിഷയം മാററും.

ആ കുടുംബത്തിൽ പെട്ടെന്നൊരു ദുഃഖം കടന്നുവന്നു. രാജന് ഒരു വയസ്സുള്ളപ്പോൾ അവരുടെ അമ്മ മരിച്ചു. ശേഖരൻ ചിറകൊടിഞ്ഞ പക്ഷി പോലായി. ഒന്നുമൊന്നുമറിയാത്ത രണ്ടു കുഞ്ഞുങ്ങളെ വളർത്തേണ്ട ഭാരം മുത്തശ്ശി ഏറെറടുത്തു. അമ്മയില്ലാത്ത ദുഃഖം മക്കളറിയാതിരിക്കാൻ ശേഖരൻ ശ്രമിച്ചു. മുത്തശ്ശി അവരുടെ അമ്മയായി മാറി.

വിധി അവരെ വെറുതെ വിട്ടില്ല. ഒരു കൊല്ലത്തിനു മുമ്പ് ശേഖരനും മരിച്ചു. മകന്റെ ശവത്തിൽ മുത്തശ്ശി ബോധം കെട്ടു വീണു.

"ചേച്ചീ, നമ്മടച്ഛൻ!"

രാജൻ പൊട്ടിക്കരഞ്ഞു.

"എന്റെ അച്ഛാ! ഞങ്ങൾക്കിനി ആരുമില്ല!"

അവൾ അച്ഛന്റെ തലയ്ക്കലിരുന്നു നിലവിളിച്ചു.

ഇനിയെന്താണൊരു ഗതി? മുത്തശ്ശിക്ക് എണീററു നടക്കാൻ പോലും ശേഷിയില്ല. വടി കുത്തിപ്പിടിച്ച് കുനിഞ്ഞുന്നിയാണു നടക്കുന്നത്. കണ്ണിനു കാഴ്ചയില്ലാത്ത ഗീത എന്തു ചെയ്യും? എട്ടു വയസ്സുകാരൻ രാജൻ വീടുപുലർത്തുമോ?

സ്നേഹമുള്ള അയലത്തുകാർ അവരെ സഹായിച്ചു. ഏതാനും ദിവസങ്ങൾ തള്ളിനീക്കി. പക്ഷേ എന്നും ആരെങ്കിലും സഹായിക്കുമോ? അവർ പട്ടിണിയുടെ സ്വാദറിഞ്ഞു.

ഒരു ദിവസം രാജൻ പറഞ്ഞു.

"ചേച്ചീ, നമുക്കു തെണ്ടാൻ പോവാം."

"എന്തു്!" മുത്തശ്ശി അമ്പരന്നു പോയി. "എന്റെ മോനേ!"

അവർ നിലവിളിച്ചു. പക്ഷേ, തെണ്ടുകയല്ലാതെ മറ്റെന്താണു വഴി? പട്ടിണികൊണ്ടു മരിക്കുന്നതിനെക്കാൾ നല്ലതു് ഭിക്ഷയെടുക്കുന്നതല്ലേ?

മുത്തശ്ശി മിണ്ടിയില്ല. ഒരു മൂലയ്ക്കിരുന്നു കരയുക മാത്രം ചെയ്തു.

നേരം വെളുക്കുമ്പോൾ അവർ തയ്യാറാകും. ഗീതയുടെ കൈയിൽ പിടിച്ചു കൊണ്ടു രാജൻ മുമ്പേ നടക്കും. ആൾത്തിരക്കുള്ള ബസ് സ്റ്റാൻറിലും റോഡിലുമൊക്കെ അവരെത്തും.

ഗീത നല്ലവണ്ണം പാടും. ആരും പഠിപ്പിച്ചതല്ല. അയലത്തു വീട്ടിലെ റേഡിയോയിൽ പാട്ടുകേൾക്കുമ്പോൾ അവൾ ശ്രദ്ധിക്കും. എല്ലാപാട്ടും കാണാതെ പഠിക്കും. അങ്ങനെ അവളൊരു പാട്ടുകാരിയായി. രാജനും ജോലിയുണ്ടു്. ഗീത പാടുമ്പോൾ അവൻ മരക്കട്ടകൾ കൊണ്ടു താളമടിക്കും. ആ പാട്ടു കച്ചേരി തെരുവിലൂടെ നീങ്ങുമ്പോൾ വഴിപോക്കരെല്ലാം തിരിഞ്ഞു നിൽക്കും. അവർക്കു ചുററും ആൾക്കൂട്ടമാകും.

"കണ്ണില്ലാത്ത പാവത്തിനു വല്ലതും തരണേ!"

ഇടയ്ക്കിടെ രാജന്റെ വിളികേൾക്കാം. അതു കേൾക്കുമ്പോൾ ചിലർ സ്ഥലം വിടും. മററു ചിലർ കേട്ടില്ലെന്നു നടിക്കും. ദയവുള്ളവർ അഞ്ചോ പത്തോ പൈസ കൊടുക്കും. വൈകുന്നേരമാകുമ്പോൾ കിട്ടുന്നതും കൊണ്ടു് അവർ വീട്ടിലെത്തും.

പിന്നീടാണു മുത്തശ്ശിക്കു ജോലി. അവർ അരി വാങ്ങും. കഞ്ഞിയും കറിയും വയ്ക്കും. പേരക്കിടാങ്ങളെ കുളിപ്പിക്കും.

അവർക്കാഹാരം കൊടുക്കും. അടുത്തിരുത്തി കഥ പറയും. രാത്രിയാകുമ്പോൾ ഒരു പായിൽ തന്നെ അപ്പുറവും ഇപ്പുറവും കിടത്തി ഉറക്കും.

"മുത്തശ്ശിയ്ക്കിന്നു തീരെ വയ്യ മോളേ! ശ്വാസം മുട്ടലും ചുമയും. നിങ്ങൾ പോയിട്ടു വേഗം വരണം."

മുത്തശ്ശി പറഞ്ഞു. ഗീത തലകുലുക്കി. മുത്തശ്ശിയെ മൂടിപ്പുതപ്പിച്ചു കിടത്തി.

"ചേച്ചീ, നേരം ഒരുപാടായി. വേഗം വരൂ."

രാജൻ ധിറുതികൂട്ടി.

"കണ്ണില്ലാത്തൊരു പാവമെന്നെ
കണ്ടില്ലെന്നു നടിക്കരുതേ
കാശു തരുവാൻ മടിക്കരുതേ."

ഗീതയുടെ പാട്ട് അകന്നകന്നു പോകുന്നതു മുത്തശ്ശി കേട്ടു. താൻ മരിച്ചാൽ പിന്നെ അവർക്കാരുണ്ട്? മുത്തശ്ശിയുടെ കണ്ണുകളിൽ നിന്ന് കണ്ണുനീർ ഒഴുകിക്കൊണ്ടിരുന്നു.

ബസ്സ്റ്റാൻഡിലെത്തി. ഗീത പാട്ടു തുടങ്ങി. രാജൻ താളമടിച്ചു. വഴിപോക്കർ പലരും കൂടി. ഒരു പൈസ പോലും ആരും കൊടുത്തില്ല.

"കണ്ണില്ലാത്തൊരു പാവത്തിനു വല്ലതും തരണേ."

രാജന്റെ വിളി ആരും കേട്ടില്ലെന്ന ഭാവമാണ്. ഒടുവിൽ അവൻ പറഞ്ഞു.

"നമുക്കു നടക്കാം ചേച്ചീ."

അവർ നടന്നു. അതാ ഒരു മനുഷ്യൻ എതിരേ വരുന്നു.

"സാറേ, വിശക്കുന്നു. അഞ്ചു പൈസ തരണേ"

രാജൻ ചോദിച്ചു. അയാൾ തുറിച്ചു നോക്കി.

"ഛീ, മാറിനെടാ! തെണ്ടികളെക്കൊണ്ടു റോഡിലിറങ്ങാൻ നിവൃത്തിയില്ലാതായി. ഇതിനൊക്കെ വേല ചെയ്തു ജീവിച്ചൂടേ? പോ പോ! ഒരു പൈസ തരില്ല."

ശകാരം കേട്ട ഗീതയുടെ മുഖം വാടി. അവർ നടന്നു.

"ചേച്ചീ, ഇന്നു കൈനീട്ടം മോശമാണ്."

രാജൻ പറഞ്ഞു.

"പത്തു പൈസ കിട്ടിയിരുന്നെങ്കിൽ മുത്തശ്ശിക്കു കാപ്പിയുണ്ടാക്കാൻ ചക്കര വാങ്ങാമായിരുന്നു."

മറെറാരാൾ എതിരേ വരുന്നു—ഒരു വൃദ്ധൻ.

"ചേച്ചീ, തുടങ്ങിക്കോ! അതാ ഒരപ്പൂപ്പൻ വരുന്നുണ്ട്."

ഗീത പാട്ടു തുടങ്ങി. വൃദ്ധൻ അടുത്തു വന്നു. അവരുടെ പാട്ടുകേട്ടു നിന്നു. രാജനു സന്തോഷമായി. വല്ലതും കിട്ടാതിരിക്കില്ല. പാട്ടു തീർന്നു.

"അപ്പൂപ്പാ ചേച്ചിക്കു കണ്ണിനു കാഴ്ചയില്ല. അഞ്ചു പൈസ തരണം."

"അയ്യോ കഷ്ടം! കൊച്ചു നാളിലേ നിനക്കു കാഴ്ച നഷ്ടപ്പെട്ടല്ലോ."

വൃദ്ധനു സഹതാപം തോന്നി.

"ഞങ്ങൾക്കു അച്ഛനും അമ്മയുമില്ല. മുത്തശ്ശി മാത്രമേയുള്ളു. മുത്തശ്ശിക്കു സുഖമില്ല. അഞ്ചു പൈസ തരണം."

രാജൻ സങ്കടം പറഞ്ഞു.

"പാവം! ദൈവം നിങ്ങൾക്കീ നിലവരുത്തിയല്ലോ! ങാ, നിങ്ങൾ വേഗംനടക്ക്. മഴവരുന്നു."

വൃദ്ധൻ നടന്നു മറഞ്ഞു.

വൈകുന്നേരമായി. ഗീത പാടിപ്പാടിത്തളർന്നു. വിളിച്ചു വിളിച്ചു രാജൻെറ തൊണ്ടപൊട്ടി.

"ചേച്ചീ. നമ്മളിനി എന്തുചെയ്യും?"

രാജൻ ചോദിച്ചു.

"നമുക്കുവീട്ടിൽ പോകാം. മുത്തശ്ശിക്കു സുഖമില്ലാതിരിക്കുകയല്ലേ?"

"പോകാം ചേച്ചീ."

അവർ വീട്ടിലേക്കു നടന്നു. പാടിപ്പാടി നടക്കാം ചേച്ചീ! ചിലപ്പോൾ ആരെങ്കിലും എന്തെങ്കിലും തന്നാലോ?"

അവൻെറ പ്രതീക്ഷ അസ്തമിച്ചിട്ടില്ല.

അവൾ പാടി. അവൻ താളമടിച്ചു.

"നോക്കു ചേച്ചീ. റോഡിനപ്പുറത്തു് ഒരാൾ നോക്കി നിൽക്കുന്നുണ്ടു്. ചിലപ്പോൾ വല്ലതും തരാനായിരിക്കും."

റോഡിനെതിർവശത്തു് ഒരു സ്ത്രീ അവരുടെ പാട്ടു കേട്ടു നിൽക്കുന്നു.

"അമ്മച്ചീ, വല്ലതും തരണേ!"

അവൻ വിളിച്ചു. സ്ത്രീ പേഴ്സു തുറന്നു് പത്തുപൈസയെടുത്തു.

"ചേച്ചീ, വാ. നമുക്കതു ചെന്നു വാങ്ങാം"

റോഡിലൂടെ വാഹനങ്ങൾ ഇടവിടാതെ ഓടിക്കൊണ്ടിരിക്കുന്നു. അവർ തക്കം പാർത്തുനിന്നു. വേഗം അപ്പുറം കടക്കണം. ഇല്ലെങ്കിൽ ആ സ്ത്രീ പൊയ്ക്കളഞ്ഞാലോ?

ഗീതയുടെ കൈയും പിടിച്ചുകൊണ്ടു് രാജൻ എതിർവശത്തേയ്ക്കോടി.

കുടിലിൽ വൃദ്ധ മുക്കിയും മൂളിയും കിടന്നു. കുട്ടികളെ കണ്ടില്ലല്ലോ. അവരിപ്പോൾ വരും. വന്നാലുടനെ കാപ്പിയുണ്ടാക്കണം. അല്പം ചൂടുവെള്ളം കിട്ടിയിരുന്നെങ്കിൽ!

"മുത്തമ്മേ, മുത്തമ്മേ!" ആരോ വിളിക്കുന്നു.

വൃദ്ധ ചാടിപ്പിടഞ്ഞെണീററു.

"നിങ്ങളുടെ ഗീതയും രാജനും അതാ റോഡിൽ."

അയാൾക്കു ബാക്കി പറയാൻ കഴിഞ്ഞില്ല.

"കാണണമെങ്കിൽ ഓടിച്ചെല്ല്."

മരണം പ്രതീക്ഷിച്ചുകിടന്ന മുത്തശ്ശി വിറച്ചുവിറച്ചു് എണീററു. വടിയും കുത്തിപ്പിടിച്ചു റോഡിലേയ്ക്കു് നീങ്ങി.

റോഡിന്നുനടുവിൽ ഒരാൾക്കൂട്ടം. മുത്തശ്ശി ആൾക്കൂട്ടത്തിനിടയിലൂടെ തള്ളിക്കയറി നോക്കി.

ഒരു കാറിനുമുമ്പിൽ ചതഞ്ഞരഞ്ഞു കിടക്കുന്നു, ഗീതയും രാജനും. രാജന്റെ ഒരു കൈയിൽ താളമടിക്കുന്ന രണ്ടു മരക്കഷണങ്ങൾ. മറേറകൈയിൽ പത്തു പൈസ ഉയർത്തിപ്പിടിച്ചിരുന്നു.

# 4

# വിശപ്പ്

"പ്രിയപ്പെട്ട കുട്ടികളേ, എനിക്കിന്ന് നിങ്ങളോടൊരു കാര്യം പറയാനുണ്ട്. ഉച്ചയ്ക്ക് എനിക്കൊരു പരാതി കിട്ടി. അഞ്ചു്. എ യിലെ ഒരു കുട്ടിയാണു പരാതിക്കാരൻ. അവൻ ഉച്ചയ്ക്ക് ഉണ്ണാൻ ചോറു കൊണ്ടു വന്നിരുന്നു. ഉച്ചയായപ്പോൾ ചോററു പൊതി കാണാനില്ല. ക്ലാസ്സിൽ വച്ചിട്ട് കളിക്കാൻ പോയതാണെന്ന് ആ കുട്ടി പറയുന്നു. തിരിച്ചു വന്നപ്പോഴാണ് ചോററു പൊതി കാണാതായത്. അപ്പോൾ ക്ലാസ്സിൽ മററാരും ഉണ്ടായിരുന്നില്ല. ആരാണെടുത്തതെന്ന് അറിയാൻ കഴിഞ്ഞിട്ടില്ല. ആരെടുത്താലും അതു വലിയ തെററാണ്. നിങ്ങളാരെങ്കിലും മോഷണക്കാരനെക്കണ്ടെങ്കിൽ വിവരം പറയണം."

ഹെഡ്മാസ്റ്റർ പറഞ്ഞു നിറുത്തി. വൈകുന്നേരത്തെ അസംബ്ലിയാണ്. പുസ്തകങ്ങളുമായി വരിവരിയായി കുട്ടികൾ മൈതാനത്തിൽ നിൽക്കുന്നു. മുൻ നിരയിൽ ഹെഡ്മാസ്റ്ററും മററ് അദ്ധ്യാപകരും. അദ്ദേഹം എല്ലാ കുട്ടികളുടെ മുഖത്തും മാറിമാറി നോക്കി. എല്ലാവരും മര്യാദക്കാർ. അവരൊക്കെ ഭയപ്പെട്ടു നിൽക്കുന്നു. അദ്ദേഹം തുടർന്നു.

"നിങ്ങൾക്കാർക്കെങ്കിലും പൊതിച്ചോറു മോഷ്ടിച്ച ആളിനെ അറിയാമെങ്കിൽ ധൈര്യമായിട്ടു പറയൂ."

ആരും മിണ്ടിയില്ല. ഒടുവിൽ ഹെഡ്മാസ്റ്റർ മറെറാരു് അടവു പ്രയോഗിച്ചു.

"ശരി, എന്നാലെനിക്കറിയാം. ഞാൻ പറയട്ടേ?"

ആരും മിണ്ടുന്നില്ല. ഓരോ കുട്ടിയുടെ മുഖത്തും ഹെഡ്മാസ്റ്റർ മാറി മാറി നോക്കി. അവരെല്ലാം വീർപ്പടക്കി നിൽക്കുന്നു. ആരു്, ആരു്? ആ ചോദ്യം ഓരോ മുഖത്തും തെളിഞ്ഞു കാണാം.

"ഈ കൂട്ടത്തിൽ തന്നെ കള്ളനുണ്ടു്. വിശന്നിട്ടായിരിക്കും ചോറു മോഷ്ടിച്ചതു്. പക്ഷെ നിങ്ങൾ ഒരു കാര്യം മറക്കരുതു്. നിങ്ങൾക്കുള്ളതു പോലെ വിശപ്പു് മററുള്ളവർക്കുമുണ്ടു്. ഉച്ചയ്ക്കു് ഉണ്ണാൻ കഴിക്കാൻ ഒരു കുട്ടി ചോറു കൊണ്ടു വന്നു. ഉണ്ണാൻ നേരത്തു ചോറില്ല. ആ കുട്ടി ഉച്ചയ്ക്കു പട്ടിണിയായിരുന്നു. ഇതിനു് ആരാണു കുററക്കാരൻ? ആ കുട്ടിയുടെ വിശപ്പു് ആരു തീർക്കും? മേലാൽ ഇതാവർത്തിക്കരുതു്. ഞാനിപ്പോൾ ആളിനെപ്പറയുന്നില്ല. ഇനി ഒരു ദിവസമെങ്കിലും അയാൾ മോഷ്ടിച്ചാൽ ആളിനെ ചൂണ്ടിക്കാണിക്കും. കുട്ടികളേ, മററുള്ളവരുടെ മുതൽ മോഷ്ടിക്കുന്നതു തെററാണു്. നിങ്ങൾക്കു വിശന്നാൽ എന്നോടു പറയുക. ഞാൻ നിങ്ങൾക്കാഹാരം തരാം. അല്ലാതെ മറെറാരാളിനെ പട്ടിണിയാക്കരുതു്. ഇതു് എല്ലാവരും ഓർമ്മിച്ചു വയ്ക്കുക."

അദ്ദേഹം നിറുത്തി. എല്ലാവരും ആശ്വാസത്തോടെ നെടുവീർപ്പിട്ടു. ജന ഗണ മന പാടിയശേഷം എല്ലാവരും പിരിഞ്ഞു.

അശോകന്റെ ചോറുപൊതിയാണു് മോഷണം പോയതു്. കറച്ചുകലെയാണു് അശോകന്റെ വീടു്. ഉച്ചയ്ക്കു വിട്ടാൽ

പോകാൻ പററില്ല. അതുകൊണ്ടു് രാവിലെ ചോററു പൊതി കൊണ്ടു വരും. ഇന്നും കൊണ്ടു വന്നു. പക്ഷേ കളിക്കാൻ പോയിട്ടു തിരിച്ചു വന്നപ്പോൾ ചോററു പൊതി കാണാനില്ല. എല്ലായിടവും പരിശോധിച്ചു. ആരെടുത്തു? ആർക്കും അറിയില്ല. സ്കൂൾ വിട്ടു പോകുമ്പോൾ എല്ലാവരുടേയും സംസാരം അതിനെക്കുറിച്ചായിരുന്നു.

"മാനക്കേടു തന്നെ."

ഒരു കുട്ടി പറഞ്ഞു.

"മററുള്ളവർ അറിഞ്ഞാൽ സ്കൂളിനു മുഴുവൻ ചീത്തപ്പേരാണു്."

രണ്ടു ദിവസം കഴിഞ്ഞു. ഉച്ചയ്ക്കു സ്കൂൾ വിട്ടു. കുട്ടികൾ ഊണു കഴിക്കാൻ തയ്യാറായി. അനിതയും ഊണു കഴിക്കാൻ തയ്യാറായി. പാവപ്പെട്ട ഒരു കൂലിപ്പണിക്കാരനാണു് അനിതയുടെ അച്ഛൻ. അവരുടെ വീട്ടിൽ പട്ടിണിയാണെങ്കിലും അനിതയ്ക്കു് അമ്മ എന്നും ചോറു കെട്ടിക്കൊടുത്തയയ്ക്കാറുണ്ടു്. അവൾ വിശന്നിരിക്കരുതു്. അതാണച്ഛനമ്മമാരുടെ ആഗ്രഹം.

അനിത കൈ കഴുകി വന്നു. പൊതിച്ചോറു വച്ചിരുന്നിടത്തു നോക്കി. അതു് അവിടെക്കണ്ടില്ല. കഴിഞ്ഞ പീരിയഡു് വരെ ഉണ്ടായിരുന്നതാണു്. എല്ലാവരും പുറത്തു പോയതിനുശേഷമാണു് അനിത പോയതു്. തിരിച്ചു വന്നപ്പോൾ ചോറില്ല.

അനിതയ്ക്കു സങ്കടം വന്നു. ഹെഡ്മാസ്റ്റർ വിവരമറിഞ്ഞു. മററദ്ധ്യാപകരും. ജോസഫ് സാറും സുകുമാരൻ സാറും കൂടി ഊണു കഴിക്കുന്ന കുട്ടികളുടെ അടുത്തൊക്കെ എത്തി. അവരുടെയൊക്കെ പൊതിച്ചോറു പരിശോധിച്ചു. പക്ഷേ അനിതയുടെ പൊതി മാത്രം കാണാനില്ല! ആരും കണ്ടതുമില്ല.

ഹെഡ്മാസ്റ്റർ വിഷമിച്ചു. മററദ്ധ്യാപകർ അമ്പരന്നു. ഇനിയെന്തു മാർഗ്ഗം? കള്ളനെപ്പിടിക്കാൻ കഴിഞ്ഞില്ല. മോഷണം ഇനിയും ആവർത്തിക്കുമെന്നാണു തോന്നുന്നതു്.

ഹെഡ്മാസ്റ്റർക്കു് ആളിനെ അറിയാമെന്നു പറഞ്ഞില്ലേ ? ആരായിരിക്കും അതു് ? പക്ഷേ സത്യം പറഞ്ഞാൽ ഹെഡ്മാസ്റ്റർക്കും അറിഞ്ഞുകൂടാ. വെറുതേ ഒരു സൂത്രം പറഞ്ഞു. എന്നിട്ടും ഫലമില്ലെന്നു മാത്രം. മൂന്നാം ദിവസവും മോഷണം പോയി. നാലു് ബി യിലെ ഗോപൻ പട്ടിണിയായി. അടുത്ത ദിവസം ഏഴു് ഏ യിലെ ഗീതയ്ക്കാണു് നഷ്ടം വന്നതു്. ഇതെന്തൊരു മറിമായം! കുട്ടികളാകെ ഭയന്നു. ചോറു കൊണ്ടുവരുന്നവർക്കു് ക്ലാസ്സിൽ വച്ചിട്ടു പുറത്തു പോകാൻ ഭയം! ആരും ഇല്ലാത്ത സമയത്തായിരിക്കും മോഷണം പോകുന്നതു്. പാത്രത്തിലെ ചോറു് കള്ളനു വേണ്ട. പൊതിച്ചോറു മാത്രമേ മോഷണം പോകുന്നുള്ളു.

ഒരാഴ്ച എല്ലാവരും കരുതിയിരുന്നു. ഏതെങ്കിലും ഒരു കുട്ടി ക്ലാസ്സിൽ കാവലിരിക്കും. അപ്പോൾ മോഷണം നിന്നു. ക്രമേണ എല്ലാവരും കാര്യമങ്ങു മറന്നു.

മറെറാരു ബുധനാഴ്ച ദിവസം. രാവിലെ അവസാനത്തെ പീരിയഡായി. ഈ പീരിയഡ് കൂടികഴിഞ്ഞാൽ ഉച്ചയ്ക്കു ഉണ്ണാൻ പോകാം. ആറു് ബി യിൽ അപ്പോൾ ഡ്രില്ലാണു്. ഡ്രില്ലിനു പോകാൻ കുട്ടികൾ തയ്യാറെടുത്തു. ഡ്രിൽ മാസ്റ്റർ മൈതാനത്തിലെത്തി. അതാ വിസിൽ കേൾക്കുന്നു. കുട്ടികൾ മൈതാനത്തിലേക്കു് ഓടി. ചിലർ ചോറു കൊണ്ടുവന്നിട്ടുണ്ടു്. അവർക്കൊരു ഭയം! എങ്ങനെ പൊതിച്ചോറും വച്ചിട്ടു് പുറത്തു പോകും! ഡ്രില്ലിനു പോകാതിരിക്കാൻ പററുമോ ?

"ഞാൻ ക്ലാസ്സിൽ ഇരിക്കാം." കൃഷ്ണൻകുട്ടി പറഞ്ഞു.

"വേണ്ട. പൊതിച്ചോറെല്ലാം ക്ലാസ്സിൽ തന്നെയിരിക്കട്ടെ. മോഷണം പോകാതെ ഞാൻ നോക്കിക്കൊള്ളാം."

ഹെഡ്മാസ്റ്റർ അറിയിച്ചു. കുട്ടികളെല്ലാം പുറത്തു പോയി. ഇന്നു കള്ളനെ കണ്ടു പിടിക്കണം. അദ്ദേഹം തീർച്ചയാക്കി. ഒരു വടിയുമായി ചുററി നടക്കാൻ തുടങ്ങി. ഒരു കണ്ണു് ആറു് ബി യിലായിരുന്നു. ക്ലാസ്സിൽ കള്ളൻ കയറിയാലോ ? ഇന്നു കള്ളനെ കൈയിൽ കിട്ടും. കിട്ടിയാലുടനെ ശരിക്കു ശിക്ഷിക്കണം. ഇനി ഒരിക്കലും മോഷണം പോകാനിട വരരുതു്. സ്കൂളിലെ മററു കുട്ടികൾക്കു് ഇതൊരു മാതൃകയായിരിക്കും.

മൈതാനത്തിൽ ഡ്രിൽ തുടങ്ങി. കുട്ടികൾ വരിയായി നിന്നു. കൃഷ്ണൻകുട്ടിക്കു് അവിടെ നിൽക്കുന്നതിഷ്ടമില്ലായിരുന്നു. രാവിലെ ഒന്നും കഴിച്ചില്ല. നല്ല വിശപ്പുണ്ടു്. ഡ്രിൽ മാസ്റ്റർ കാണിക്കുന്നതു പോലൊക്കെ തിരിയുകയും മറിയുകയും വേണം. ദേഹം തളരുന്നതുപോലെ തോന്നി. എങ്കിലും ഒന്നും പറഞ്ഞില്ല. മററു കുട്ടികൾ ആക്ഷേപിച്ചാലോ ? അവർക്കെല്ലാം നല്ല രസമുള്ള പീരിയഡാണിതു്.

ഹെഡ്മാസ്റ്റർ കാവൽ നിന്നു മടുത്തു. തന്നെക്കണ്ടതുകൊണ്ടു കള്ളൻ വരാത്തതായിരിക്കും. ഓഫീസിൽ ചെന്നിരിക്കാം. പൊതിയൊന്നും മോഷണം പോയില്ല. അദ്ദേഹം നടന്നു ആഫീസുമുറിയിൽ ചെന്നിരുന്നു. ആരെങ്കിലും ആറു ബിയിലേക്കു കയറുന്നുണ്ടോ എന്നു ശ്രദ്ധിക്കുന്നുണ്ടു്.

മൈതാനത്തിൽ വ്യായാമം ചെയ്തുതീർന്നു. ഇനി എന്തെങ്കിലും കളികളായിരിക്കും. അതിലാണ് എല്ലാവർക്കും ഉത്സാഹം. ഡ്രിൽമാസ്റ്റർ കുട്ടികളെ രണ്ടു വരിയായി നിറുത്തി എണ്ണിനോക്കി: ഒരു വരിയിൽ ഒരു കുട്ടി കൂടുതലുണ്ട്.

"ആരെങ്കിലും ഒരാൾ മാറിനില്ക്കൂ".

മാസ്റ്റർ പറഞ്ഞു. എല്ലാവരും മുഖത്തോടു മുഖം നോക്കി.

"ഞാൻ മാറിനിന്നോളാം" കൃഷ്ണൻകുട്ടി മാറിനിന്നു.

ഫുട്ബാൾ കളിക്കാൻ തയ്യാറെടുത്തു. മാസ്റ്റർ കുട്ടികൾക്കെല്ലാം നമ്പർ കൊടുത്തു. രണ്ടു വരികൾക്കിടയ്ക്ക് ഒരു വൃത്തം വരച്ചു. അതിലൊരു പന്തു വച്ചു. കളിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കൊടുത്തുതുടങ്ങി. നല്ല രസമുള്ള കളിയാണ് തുടങ്ങാൻ പോകുന്നത്. കളിക്കാൻ കഴിഞ്ഞില്ലെങ്കിലും കാണാനെങ്കിലും നില്ക്കണമെന്ന് കൃഷ്ണൻ കുട്ടിക്കാഗ്രഹമുണ്ട്. എങ്കിലും തലചുറ്റുന്നു. ക്ലാസ്സുമുറിയിൽ ചെന്നിരിക്കാം.

ഓഫീസ് മുറിയിൽ ഹെഡ്മാസ്റ്റർ ഇരിക്കുന്നു. അദ്ദേഹം എന്തോ എഴുതുകയാണ്. ഇടയ്ക്കിടെ ആ വഴിയിലേക്കു നോക്കുന്നുമുണ്ട്.

കൃഷ്ണൻകുട്ടി ക്ലാസ്സിലേക്കു കയറി. അതുകണ്ടപ്പോൾ ഹെഡ്മാസ്റ്റർക്കൊരു സംശയം. കളിക്കാൻ പോയ ഇവൻ എന്തിനിപ്പോൾ വന്നു ? അദ്ദേഹം മെല്ലെ എണീററു.

"കള്ളൻ കള്ളൻ !"

ക്ലാസ്സിൽ നിന്നു കൃഷ്ണൻകുട്ടിയുടെ ശബ്ദം ഉയർന്നു. ഹെഡ്മാസ്റ്റർ ഓടിയെത്തി. മററുള്ളവരും എത്തി. ചോറപ്പൊതിയുമായി നിൽക്കുന്നു, ഒരു പട്ടി. കുട്ടികൾ ഓടിവരുന്നതുകണ്ട് അവൻ പൊതിയും കടിച്ചുകൊണ്ട് ഒററച്ചാട്ടത്തിനു് വാതിൽക്കലെത്തി.

"ഇവൻ തന്നെ കള്ളൻ."

കുട്ടികൾ ആർത്തുവിളിച്ചു. കല്ലുകൾ പെറുക്കി എറിഞ്ഞു.

ഏറുകൊണ്ടപ്പോൾ ഒരു നിലവിളിയോടെ കള്ളൻ ഓടി മറഞ്ഞു.

★

## 5

# ഒളിച്ചോട്ടം

പത്രത്തിൽ തന്റെ ഫോട്ടോ കണ്ടപ്പോൾ ജോണി ഒന്നു ഞെട്ടി. ഫോട്ടോയുടെ താഴെ ഒരു പരസ്യവും!

**“കാണ്മാനില്ല**

എന്റെ മകൻ ജോണിയെ കാണ്മാനില്ല. 13 വയസ്സു പ്രായം. വെളുത്തനിറം. നാലര അടി പൊക്കം. വെള്ള ഷർട്ടും നീലനിക്കറും ധരിച്ചിട്ടുണ്ട്. കണ്ടുകിട്ടുന്നവർ ദയവായി വിവരം അറിയിക്കുക. തക്ക പ്രതിഫലം നൽകുന്നതാണ്.

കെ. സി. തോമസ്,
ഇല്ലിവിളവീട്,
തിരുവല്ല.”

തന്നെ ആരെങ്കിലും ശ്രദ്ധിക്കുന്നുണ്ടോ? ജോണിയുടെ കാലു വിറയ്ക്കാൻ തുടങ്ങി. പത്രം വായിക്കുന്ന ആളും ജോണിയെ കണ്ടില്ല. പരസ്യവും കണ്ടില്ല. പെട്ടെന്നു സ്ഥലം വിടണം. ജോണി തിരിഞ്ഞു നടന്നു. ചുററും നോക്കി. എങ്ങോട്ടു പോകണം? അതാ ഒരു ബസ്സു വരുന്നു. തിരുവനന്തപുരത്തേയ്ക്കുള്ളതാണ്. പിന്നീട് അധികം ആലോചിച്ചില്ല. ബസ്സിൽ ചാടി

ക്കയറി. പരിഭ്രമം മറച്ചുവച്ചുകൊണ്ട് ഒരു സീററിൽ ചെന്നിരുന്നു. രക്ഷപ്പെട്ടു! ജോണി ആശ്വസിച്ചു.

ബസ്സിൽ യാത്രക്കാർ നിറഞ്ഞു. അൽപ്പസമയം കഴിഞ്ഞപ്പോൾ ഡ്രൈവറും കണ്ടക്ടറും വന്നു.

"ആരെങ്കിലും ടിക്കററ് വാങ്ങാനുണ്ടോ?"

ജോണി എണീററു.

"ഒരു ടിക്കററ്."

"എവിടെയ്ക്കു്?"

അമ്പരന്നു പോയി. എന്തു പറയും ?

"തിരുവനന്തപുരം." അങ്ങനെയാണു തോന്നിയതു്. അതു തന്നെ പറയുകയും ചെയ്തു. പോക്കററിൽ നിന്നു് ഒരു നോട്ടെടുത്തു കൊടുത്തു. ടിക്കററും ബാക്കി പണവും വാങ്ങി പോക്കററിലിട്ടു. തൻെറ സ്ഥാനത്തിരുന്നപ്പോൾ ആലോചിച്ചു. "ജോണി മിടുക്കനാണ്. അല്ലെങ്കിലും ജോണി മിടുക്കനാണല്ലോ."

ഏതാനും നിമിഷം കഴിഞ്ഞപ്പോൾ ബസ്സ് കോട്ടയത്തു നിന്നു് യാത്രയായി. ഇരുവശത്തുമുള്ള കടകളും വീടുകളും അതിവേഗത്തിൽ പിന്നോട്ടോടുന്നതു കണ്ടു. ഈ ബസ്സിനെന്തൊരു വേഗമാണു്.

പാഞ്ഞു പോകുന്ന ബസ്സിലിരിക്കുമ്പോൾ ജോണി വീട്ടിനെക്കുറിച്ചോർത്തു. അതൊരു വീടാണോ ? നാശം! അവിടത്തെ ജീവിതം മടുത്തു.

അപ്പച്ചൻെറ കോപം. അമ്മച്ചിയുടെ ശകാരം. ചേട്ടൻെറ തല്ല്. ഇതെല്ലാമാണവിടെയുള്ളതു്. ആർക്കും ജോണിയോടിഷ്ടമില്ല. താനെന്താ, പട്ടിയാണോ, അവരുടെയൊക്കെ തല്ലും കൊണ്ട് ശകാരവും കേൾക്കാൻ?

നേരം പുലരുമ്പോൾ അപ്പച്ചനെണീക്കും. മൺവെട്ടിയുമായി പറമ്പിലേക്കു നടക്കും. പിന്നാലെ ചേട്ടനുമുണ്ടാകും. പറമ്പിൽ പണിയുണ്ട്. ആ സമയത്ത് അമ്മച്ചി പശുവിനെ കറക്കുകയായിരിക്കും. പിന്നീട് കോഴികളെ തുറന്നുവിടും. അതു കഴിഞ്ഞ് അടുക്കളയിലേയ്ക്കു കയറും.

ആ സമയം താൻ മൂടിപ്പുതച്ചുറക്കമായിരിക്കും. എട്ടു മണിയെങ്കിലുമാകാതെ ഉറക്കമെണീല്ക്കുന്നതെങ്ങനെ? രാവിലെ മൂടിപ്പുതച്ചു കിടന്നുറങ്ങുന്നതിന്റെ സുഖം ഒന്നു വേറെ തന്നെ.

പക്ഷേ സമ്മതിക്കേണ്ടേ? "എടാ ജോണീ, എണീക്ക്!" അമ്മച്ചി വിളിതുടങ്ങും. മിണ്ടാതെ കിടന്നു നോക്കും. നിവൃത്തിയില്ലാതാകുമ്പോൾ ഒന്നു മൂളും. വീണ്ടും തിരിഞ്ഞു കിടക്കും.

"ആ ചെകുത്താന്റെ മുഖത്തു വെള്ളമൊഴിക്ക്. രാവിലെ അവന്റെയൊരുറക്കം!" പറമ്പിൽ നിന്ന് അപ്പച്ചന്റെ സ്വരം ഉയരുമ്പോൾ മനസ്സില്ലാമനസ്സോടെ എണീക്കും. ഒന്നുമൂരിനിവർന്ന്, ഒരു കോട്ടുവായുമിട്ട് അടുക്കളയിലേയ്ക്കു കടക്കും. ആവി പറക്കുന്ന ചൂടു കാപ്പിയും പലഹാരവും തയ്യാറായിരിക്കും. പക്ഷേ അമ്മച്ചിയുടെ ഒരലർച്ച!

"പോടാ. ചെന്നു പല്ലു തേയ്ക്ക്!"

"ഓ, നാശം!" പിറുപിറുത്തു കൊണ്ട് കിണററിൻ കരയിലെത്തും. പല്ലു തേച്ചെന്നു വരുത്തും. വീണ്ടും അടുക്കളയിലെത്തുമ്പോൾ ചേട്ടൻ ശകാരം തുടങ്ങും.

"ചെക്കനു തീററ തീററയെന്നൊരു വിചാരമേയുള്ളു. ഒരക്ഷരം പഠിക്കുകയില്ല. ഒരു ജോലി ചെയ്യുകയുമില്ല."

അതു കേൾക്കുമ്പോൾ അരിശം തോന്നും. എന്നാലും മിണ്ടുകയില്ല. മുറുമുറുക്കും. "മിണ്ടാതെ തിന്നോണ്ടു പോടാ! നാണം കെട്ടവനേ!" അമ്മച്ചി കാപ്പി തരും.

കാപ്പികുടി കഴിഞ്ഞാൽ സ്കൂളിലേയ്ക്കാണ്. പുസ്തകങ്ങൾ അടുക്കി മുററത്തിറങ്ങുമ്പോഴായിരിക്കും അപ്പച്ചൻെറ വിളി കേൾക്കുന്നതു്.

“നീയിന്നു സ്കൂളിൽ പോകണ്ട. ചേമ്പു വിൽക്കാനുണ്ടു്. ചന്തയിൽ പോകണം.”

അപ്പച്ചനു് എപ്പോഴും ചേമ്പിൻെറയും കപ്പയുടെയുമൊക്കെ കാര്യമേയുള്ളു. ഇന്നു തൻെറ പദ്ധതിയൊക്കെ പൊളിയുന്ന മട്ടാണു്. നേരത്തേ സ്കൂളിൽ ചെല്ലാമെന്നു് മജീദിനോടും രാജുവിനോടും പറഞ്ഞിരുന്നതാണു്. രസമായിട്ടൊന്നു കളിക്കാമായിരുന്നു. കളിക്കാനല്ലാതെ പിന്നെന്തിനാണു് സ്കൂളിൽ പോകുന്നതു്? പക്ഷേ അപ്പച്ചൻ പദ്ധതിയൊക്കെ പൊളിക്കുന്ന മട്ടുണ്ടു്.

“സ്കൂളിൽ ചെന്നില്ലേൽ സാറെന്നെ തല്ലും.”

“സാറിനോടു ഞാൻ പറഞ്ഞോളാം. നീയിന്നു പോകണ്ട.” ഇനിയെന്തു ചെയ്യും ? അവിടെയുമിവിടെയുമൊക്കെ നിൽക്കും. എന്നിട്ടു് ആരും കാണാതെ സ്ഥലം വിടും. അപ്പച്ചൻ തല്ലും. എന്നാലും സാരമില്ല. വൈകുന്നേരം വരെ സ്വതന്ത്രനാണല്ലോ.

പഠിക്കാൻ മിടുക്കനല്ല. “ഓ, പഠിക്കുന്നു! പോകാൻ പറയെടാ!” അതാണു് കൂട്ടുകാരോടു പറയാറുള്ള അഭിപ്രായം. കളിക്കുക, കളിക്കുക. അതു മാത്രമാണു ചിന്ത. കൈയിൽ പണമുണ്ടു്. അതെവിടെ നിന്നെന്നു ചോദിക്കരുതു്. അതൊക്കെ രഹസ്യമാണു്. പണത്തിനാവശ്യമുണ്ടു്. കാപ്പി കുടിക്കണം. ആരുമറിയാതെ സിനിമാ കാണണം. സിഗരററു വലിക്കണം. ഒളിച്ചും പതുങ്ങിയുമൊക്കെ വേണം സിഗരററു വലിക്കാൻ. ആരെങ്കിലും കണ്ടാൽ തുലഞ്ഞതു തന്നെ.

കാണുന്നതിനൊക്കെ അമ്മച്ചി ശകാരിക്കും. നാഴികയ്ക്കു മുന്നൂറു വട്ടം അങ്ങാടിയിൽ പോകണം. ഉപ്പു വാങ്ങണം, മുളകു വാങ്ങണം, മല്ലി വാങ്ങണം. എല്ലാം വാങ്ങി വരുമ്പോൾ പറയും.

"അയ്യോ, വെളിച്ചെണ്ണ തീന്നല്ലോ! മോൻ ഓടിപ്പോയിട്ടു വാ."

കലി വരാതെന്തു ചെയ്യും!

"എനിക്കു വയ്യ!"

അതാണുത്തരം. അമ്മച്ചി വടിയെടുക്കും. അപ്പോഴേയ്ക്കു ഓടിക്കളയാൻ തയ്യാറെടുത്തു നിൽക്കും. അമ്മച്ചിയെ പുരയ്ക്കു ചുററും രണ്ടു വളയം ഓടിക്കുന്നതു രസമാണ്. അപ്പച്ചന്റെ തല ദൂരെക്കാണുമ്പോൾ അമ്മച്ചി വിളിച്ചു പറയും.

"ഇതാ കണ്ടില്ലേ ? അവന് അങ്ങാടിയിൽ പോകാൻ വയ്യെന്ന്."

അപ്പച്ചൻ വടിയുമായി രംഗത്തു വരുമ്പോൾ സ്ഥലം വിട്ടേയ്ക്കണം.

"ഈ വീടുവിട്ടു പോകണം. എന്നാലേ സ്വാതന്ത്ര്യമുള്ളു." അപ്പോഴൊക്കെ മനസ്സിൽ കരുതും.

രണ്ടാം കൊല്ലവും തോററപ്പോഴാണ് അപ്പച്ചൻ പറഞ്ഞതു്.

"നീയിനി പഠിക്കണ്ട. തൂമ്പായെടുത്തു പറമ്പു കിളയ്ക്ക്."

തലയിൽ ഇടിത്തീ വീണതു പോലെ തോന്നി. താൻ തനി പുള്ളയായി മാറുകയാണോ ? ഇനി വീട്ടിൽ നിന്നിറങ്ങാൻ സാധിക്കുകയില്ല. അപ്പച്ചനോടൊപ്പം പറമ്പു കിളയ്ക്കണം ചേട്ടനോടൊപ്പം ചന്തയിൽ പോകണം. അമ്മച്ചിയെ സഹായിക്കണം. ഒന്നു കളിക്കാൻ പററുകില്ല.

ഒന്നു രണ്ടു ദിവസം സഹിച്ചു. ഇനി പററില്ല. ഈ നാടു വിട്ടു പോകണം. പുറത്തെ ലോകം എത്ര സുന്ദരമാണു്! അവിടെ ശകാരിക്കാനാരുമില്ല. ഇഷ്ടം പോലെ നടക്കാം. കാപ്പി കുടിക്കാം. ഉറങ്ങണമെങ്കിൽ ഉറങ്ങാം. പക്ഷേ പണം വേണം. പണമില്ലാതെ ഒളിച്ചോടാൻ പററുമോ ?

എത്ര ദിവസമായി ഒരു സിഗരററ വലിച്ചിട്ടു്! സിഗരററും തീപ്പെട്ടിയും പോക്കററിലിട്ടു. വാഴത്തോപ്പിലേയ്ക്കു കയറി. സിഗരററ കത്തിച്ചു് രണ്ടു വലി കഴിഞ്ഞില്ല. അതിനു മുമ്പു് അന്തോണിച്ചേട്ടൻ കണ്ടു. വീട്ടിൽ ചെന്നപ്പോഠം അപ്പച്ചൻ വടിയുമായി നിൽക്കുന്നു. ഓടാൻ നോക്കി. രക്ഷയില്ല. അടി കൊണ്ടു നിലത്തു വീഴുമ്പോഠം മനസ്സിൽ ഉറപ്പിച്ചു.

"ഇനി ഈ വീടു പററുകില്ല."

അപ്പച്ചൻ തല്ലി. രണ്ടു തുടയും അടികൊണ്ടു പൊട്ടി. രാത്രി മുഴുവൻ പട്ടിണി കിടന്നു. അമ്മച്ചി ഉണ്ണാൻ വിളിച്ചു. അനങ്ങിയില്ല.

"എനിക്കു നിങ്ങടെ ചോറുവേണ്ട."

ഉറക്കെ വിളിച്ചു പറഞ്ഞു. നാളെത്തന്നെ ഇവിടം വിട്ടു പോകണം. അന്നു തന്നെ അപ്പച്ചൻ ഇരുന്തൂററമ്പതു രൂപ അമ്മച്ചിയെ ഏല്പിക്കുന്നതു കണ്ടു.

"നമുക്കൊരാടിനെ വാങ്ങണം."

അമ്മച്ചി രൂപ ഒളിച്ചു വയ്ക്കുന്നതു് നോക്കിനിന്നു. പിറേറ ദിവസം ഞായറാഴ്ചയായിരുന്നു. എല്ലാവരും പള്ളിയിൽ പോകാൻ തയ്യാറെടുക്കുന്നു.

"നീ വരുന്നില്ലേടാ ?"

ചേട്ടൻ ചോദിച്ചു.

"ഞാൻ വരുന്നില്ല. എനിക്കു നടക്കാൻ വയ്യ". ചുരുണ്ടു കൂടിക്കിടന്നു കൊണ്ടു പറഞ്ഞു.

"വന്നു വന്നു പള്ളിയിൽ പോലും പോകാതായി."

അമ്മച്ചി ശകാരിച്ചു.

"നീ വരുന്നില്ലെങ്കിൽ വേണ്ട."

അവരൊക്കെ പള്ളിയിൽ പോയി. ഇനി ഉച്ചകഴിഞ്ഞേ മടങ്ങി വരൂ. മെല്ലെ എണീററു. പുതിയ നിക്കറും ഷർട്ടും ധരിച്ചു. അമ്മച്ചി വച്ചിരുന്ന ഇരുന്നൂററമ്പതു രൂപയെടുത്തു പോക്കററിലിട്ടു. വീട്ടിൽ നിന്നു് ഇറങ്ങി നടക്കുമ്പോൾ മനസ്സിലോർത്തു.

"ഇനി വീട്ടിലേയ്ക്കില്ല."

എങ്ങോട്ടു പോകണം ? ആലോചിച്ചുനിൽക്കുമ്പോൾ ആലപ്പുഴ ബസ്സുവരുന്നു. അതിൽത്തന്നെകയറി. ആലപ്പുഴ പട്ടണത്തിലിറങ്ങിയപ്പോൾ സന്തോഷമായി. എന്തെല്ലാം കാഴ്ചകൾ. തുറമുഖത്തിലാണു് ഏററവും രസം. കപ്പലുകൾ കടലിൽ വന്നു കിടക്കുന്നു. വള്ളത്തിൽ അരികൊണ്ടു വന്നു് ക്രെയിൻ വഴി ഉയർത്തിയെടുക്കുന്നു. വളരെ നേരം കണ്ടു നിന്നാലും മതി വരാത്ത കാഴ്ചകൾ.

വിശന്നപ്പോൾ ഹോട്ടലിൽ കയറി. ഇഷ്ടം പോലെ പണമുണ്ടു്. വയറുനിറച്ചുണ്ടു. രാത്രി ബസ്സ്റ്റാൻഡിലെ ഒരു ബെഞ്ചിൽ കിടന്നുറങ്ങി. രാവിലെ ബോട്ടുജട്ടിയിലെത്തി. കോട്ടയത്തിനു് പോകാനുള്ള ബോട്ടു് തയ്യാറെടുത്തു നിൽക്കുന്നു. ബോട്ടിൽകയറി കോട്ടയത്തിനു് ടിക്കററെടുത്തു. രണ്ടു വശവും മനോഹരമായ കാഴ്ചകൾ. നേരം പോയതറിഞ്ഞില്ല. കോട്ടയത്തു ചെന്നിറങ്ങുമ്പോൾ ഉച്ച കഴിഞ്ഞു. എന്തൊരു വലിയ പട്ടണമാണു്. ഉയർന്നു നിൽക്കുന്ന വലിയ വലിയ കെട്ടിടങ്ങൾ. ജന

ത്തിരക്കേറിയ റോഡുകൾ. ഇവിടെ കഴിയുന്നതു അപകടമാണു്. ചിലപ്പോഴൊക്കെ അപ്പച്ചനും ചേട്ടനും കോട്ടയം ചന്തയിൽ വരാറുണ്ടു്. കണ്ടു മുട്ടിയാലോ? എന്നാലും സ്ഥലം മുഴുവൻ കാണുകതന്നെ. പകൽ മുഴുവൻ ചുററിക്കറങ്ങി. രാത്രി സിനിമ കാണാൻ തീയററിൽ കയറി. തിരുനക്കര മൈതാനത്തു കിടന്നുറങ്ങി രണ്ടു ദിവസം കടന്നു പോയതറിഞ്ഞില്ല. ബസ്സ്റ്റാൻഡിൽ വെറുതേ നില്ക്കുമ്പോഴാണു് ഒരാൾ പത്രം വായിക്കുന്നതു കണ്ടതു്. പത്രത്തിലൊന്നു നോക്കി.

അപ്പച്ചൻ പത്രത്തിൽ പരസ്യം കൊടുത്തിരിക്കുന്നു തന്റെ ഫോട്ടായുള്ളതു് അപകടമാണു്. ആരെങ്കിലും കണ്ടു മുട്ടിയാലോ ? ബസ്സിലിരുന്നു ചിന്തിച്ചു. ബസ്സു പാഞ്ഞു പോകുകയാണു് ഇരുവശവും ഒഴുകിപ്പോകുന്ന കാഴ്ചകൾ. നോക്കി നോക്കിയിരുന്നുറങ്ങിപ്പോയി.

ഉണർന്നപ്പോൾ തിരുവനന്തപുരം പട്ടണം കണ്ടു തുടങ്ങി. ചുററും നോക്കി. നല്ല പട്ടണം. തനിക്കിവിടെത്തന്നെകഴിയാം. ആരും അറിയില്ല. ആരും കണ്ടു പിടിക്കുകയുമില്ല. എവിടെയിറങ്ങണം? അതറിയില്ല. ഏതായാലും ബസ്സു നിൽക്കുമ്പോൾ ഇറങ്ങാം.

തമ്പാനൂരിൽ ബസ്സുനിന്നു. എല്ലാവരും ഇറങ്ങി. ജോണിയും ഇറങ്ങി. ധാരാളം ബസ്സുകൾ വരിവരിയായി നിൽക്കുന്നു. ഉത്സവപ്പറമ്പിലെ ആൾത്തിരക്കു്. തൊട്ടടുത്തു് റെയിൽവേ സ്റ്റേഷൻ. അനേകം കാറുകൾ നിരത്തിയിട്ടിരിക്കുന്നു.

എങ്ങോട്ടു് പോകണം? നല്ല വിശപ്പുണ്ടു്. ഒരു കാപ്പി കുടിച്ചിട്ടു പോകാം. നേരേ കണ്ട ഹോട്ടലിലേയ്ക്കു കയറി. ധാരാളം ആളുകൾ അവിടെയിരുന്നു കാപ്പി കുടിക്കുന്നു. ജോണിയും വേണ്ടതെല്ലാം വാങ്ങിത്തിന്നു. വയറു നിറഞ്ഞപ്പോൾ എണീററു കൈകഴുകി.

പണം കൊടുക്കാൻ പോക്കററിൽ കൈയിട്ടു.

"ങേ!" ഞെട്ടിത്തരിച്ചുനിന്നു പോയി. തല ചുററുന്നു കാലുകഠം വിറയ്ക്കുന്നു. ആരോ തൻെറ പോക്കററടിച്ചിരിക്കുന്നു. നോട്ടുകഠം മുഴുവൻ പോയി.

"അന്ത ശിന്നപ്പയ്യൻ ഒരു രൂപ പത്തുപൈസ."

വിളമ്പുകാരൻ വിളിച്ചു പറഞ്ഞു. ജോണി പോക്കററിൽ കിടന്ന ചില്ലറയെല്ലാം എണ്ണിനോക്കി. തൊണ്ണൂറുപൈസയുണ്ടു്. മേശയ്ക്കുട്ടത്തിരിക്കുന്ന കുടവയറൻ തന്നെ തുറിച്ചു നോക്കുന്നു. പൈസ മുഴുവൻ മേശപ്പുറത്തിട്ടിട്ടു് ഇറങ്ങിനടന്നു.

"ടേയ്, ടേയ്, നില്ക്കു്!"

കണക്കപ്പിള്ള വിളിച്ചു പറഞ്ഞു. പക്ഷേ ജോണി ഓടി. ആരോ പിന്നാലെ ഓടുന്നുവെന്നുതോന്നി.

"ദൈവമേ! രക്ഷിക്കണേ!" അതായിരുന്നു പ്രാർത്ഥന. ആഠംക്കൂട്ടത്തിനിടയിൽ കയറി രക്ഷപ്പെട്ടു.

ചുററും കമ്പിയഴി കെട്ടിയ ഒരു പാർക്കു് കണ്ടു. അവിടെക്കയറിക്കിടന്നു. ആളുകഠം വരികയും പോകുകയും ചെയ്യുന്നു. ജോണിക്കു കരച്ചിൽ വന്നു. കരഞ്ഞിട്ടെന്തുഫലം? ഒരു പൈസ കൈയിലില്ല. എങ്ങനെ വല്ലതും കഴിക്കും? ഹോട്ടലിലെ മാനേജർ തന്നെകണ്ടാൽ വെറുതെ വിടുമോ? തിരിച്ചു വീട്ടിൽ പോയാലോ? എങ്ങനെ വീട്ടിലെത്തും? അതിനും പണം വേണം.

രാത്രിയായി. ചുററും വൈദ്യുതിവിളക്കുകഠം തെളിഞ്ഞു. അച്ഛനമ്മമാരോടൊത്തു നടന്നുപോകുന്ന ബാലന്മാരെ ജോണി കണ്ടു. അവനു സങ്കടം വന്നു. കഷ്ടം! ഞാൻ അച്ഛനേയും അമ്മയേയും വിട്ടിട്ടു് ഓടിപ്പോന്നല്ലോ!

വിശന്നപ്പോൾ പൈപ്പിൽനിന്നു് പച്ചവെള്ളം കുടിച്ചു. പാർക്കിലെ ബെഞ്ചിൽതന്നെ കിടന്നുറങ്ങി. ആരെങ്കിലും ഒരു ജോലി തന്നിരുന്നെങ്കിൽ! എവിടെയാണു് ജോലിയുള്ളതു്? ബസ് സ്റ്റാൻഡിൽ പലരും ചുമടു ചുമക്കുന്നു. അവിടെയെത്തിയാലോ!

ഒന്നു പരീക്ഷിച്ചു നോക്കാം. ചുമടുചുമക്കാൻ വന്ന ജോണിയെക്കണ്ടപ്പോൾ അവിടത്തെ സ്ഥിരം ചുമട്ടുകാർ ചുററും കൂടി.

"നീയാരെടാ?"

"ഞാനും. ചുമടുചുമക്കാൻ വന്നതാണു്."

"ഛീ, തെണ്ടി! ഓടിക്കോ!"

അവർ അവനെ അടിക്കുകയും തൊഴിക്കുകയും ചെയ്തു. പട്ടിണികൊണ്ടു മെലിഞ്ഞ ശരീരത്തിൽ തല്ലു വീണപ്പോൾ അവൻ ഓടി. ദേഹം തളരുന്നു. വയ്യാ! കാലു കുഴഞ്ഞപ്പോൾ ആളുകൾ ചുററും കൂടിനിൽക്കുന്നു. അടുത്തു് ഒരു പോലീസുകാരനും.

"നിന്റെ പേരെന്തു്?", പോലീസുകാരൻ.

"ജോണി."

"നീ എവിടെ നിന്നു് വരുന്നു?"

"ഞാൻ ഞാൻ." ജോണി ഉത്തരം മുട്ടി.

"എണീക്കെടാ!"

പോലീസുകാരന്റെ ആജ്ഞ.

എണീററിരുന്നു. അയാളുടെ കൈയിലിരുന്ന പത്രത്തിൽ ജോണി ഒന്നു നോക്കി. അയാൾ മീശപിരിക്കുന്നു.

"നീ ഒളിച്ചോടിയതല്ലേ? സത്യം പറയണം. ഇതാ, ഈ ഫോട്ടോ നിന്റേതല്ലേ?"

ജോണി തലയാട്ടി. കണ്ണുനീരിററു വീഴുന്ന മുഖവുമായി നിന്നു.

MUNAVIRUL ISLAM HIGH S...
Date.................
ERNAKULAM.

"ശരി, നടക്ക്." പോലീസുകാരൻ നടന്നു.

ജോണി തലയും താഴ്ത്തി പിന്നാലെ നടന്നു.

പോലീസ് സ്റ്റേഷനിലാണു ചെന്നു കയറിയതു്. അവന്റെ ഉള്ളിൽ തീകത്തി. ഇവർ തന്നെ ഇടിച്ചുകൊല്ലുമോ? പോലീസുകാരനും ഇൻസ്പെക്ടരും തമ്മിലെന്തോ പറയുന്നു. ഓടിക്കളഞ്ഞാലോ? ജോണി പെട്ടെന്നാലോചിച്ചു. പക്ഷേ, വയ്യാ. കാലുകൾക്കു ശക്തിയില്ല.

"ശരി. ആ മുറിയിൽ ചെന്നിരിക്ക്."

പോലീസുകാരൻ ചൂണ്ടിക്കാണിച്ചു ഒരു വലിയമുറി. ഇരുമ്പഴിയുള്ള വാതിൽ. അവിടെച്ചെന്നിരുന്നു. രാത്രിയായപ്പോൾ ഒരിലയിൽ ചോറുംകൊണ്ടുതന്നു. ആർത്തിയോടെ വാരി വിഴുങ്ങി.

തളർച്ച കൊണ്ടു് ഉറങ്ങിപ്പോയി.

ഉണർന്നപ്പോൾ നേരം വളരെ പുലർന്നിരുന്നു. മുമ്പിൽ നിൽക്കുന്നതാരാണു്? വിശ്വസിക്കാൻ കഴിയുന്നില്ല.

അപ്പച്ചനും ചേട്ടനും!

"അപ്പച്ചാ! ചേട്ടാ! ഞാനിനി ഒരിക്കലും ഒളിച്ചോടില്ല. എനിക്കു മാപ്പുതരൂ. മാപ്പു തരൂ."

അവരുടെ കാൽക്കൽ വീണു തേങ്ങിക്കരഞ്ഞു. പോലീസുകാർ ചിരിക്കുന്നുണ്ടായിരുന്നു.

★

SUBASH PRINTING WORKS, PALAYAM, TVM.

ം. അ
ല്ലമോ?
യുന്നു.
വയ്യാ.

യമുറി.
ിയായ
വാരി

മ്പിൽ

ാടില്ല.

പാലി

MUNAVIRUL ISLAM HIGH SCHOOL.
Date....................
ERNAKULAM.